

# മലയാളം

## കേരളപാഠാവലി

ഭാഗം - 1

## സ്റ്റാൻഡേർഡ് III

കേരളസർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്

തയ്യാറാക്കിയത്
സംസ്ഥാന വിദ്യാഭ്യാസഗവേഷണ പരിശീലന സമിതി (SCERT) കേരളം

2024

ST-279-1-MALAYALAM-3-VOL-1

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛ്വല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

---

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണ്ണവും വൈവിധ്യപൂർണ്ണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.


---

3

# മലയാളം

### കേരളപാഠാവലി

Prepared by
State Council of Educational Research and Training (SCERT)
Poojappura, Thiruvananthapuram 695012, Kerala
Website : www.scertkerala.gov.in, e-mail : scertkerala@gmail.com
Typeset and design by : SCERT
First Edition : 2024
Printed at : KBPS, Kakkanad, Kochi - 30
© Department of General Education, Government of Kerala



പ്രിയ കൂട്ടുകാരേ,

കളിയും ചിത്രംവരയും നിങ്ങൾക്കേറെ ഇഷ്ടമാണല്ലോ.
വായ്ത്താരി ചൊല്ലലും കടങ്കഥ പറയലും
നാടകം കളിക്കലുമെല്ലാം രസകരമായ പ്രവർത്തനങ്ങളല്ലേ?

ഇവയെല്ലാം ഏറെ ആനന്ദകരമായിത്തീരുന്നത്
മാതൃഭാഷയിലാവുമ്പോഴാണ്. പാട്ടുപാടൽ, കഥപറയൽ,
കവിതചൊല്ലൽ, പുസ്തകം വായിക്കൽ അങ്ങനെയങ്ങനെ
നിരവധി രസകരങ്ങളായ അനുഭവങ്ങളാണ് മൂന്നാംക്ലാസിലെ
മാതൃഭാഷാപഠനത്തിൽ നിങ്ങളെ കാത്തിരിക്കുന്നത്.

അഭിപ്രായപ്രകടനങ്ങൾക്കും ചർച്ചകൾക്കുമൊപ്പം സ്വന്തമായി
വിവരണവും കഥയും കവിതയും എഴുതാനും അവസരമുണ്ട്.
എല്ലാവർക്കും ആഹ്ലാദപൂർവം ഭാഷ പ്രയോഗിക്കാൻ
സന്ദർഭം ലഭിക്കും. എല്ലാ കൂട്ടുകാരും നന്നായി പറഞ്ഞും
എഴുതിയും വായിച്ചും വളരണം.

മലയാളത്തിന്റെ രസം നുണയാനും ഭാഷാപരമായ
കഴിവുകൾ വളർത്താനും വഴിതുറക്കുന്ന ഒരു സാമഗ്രിയായി
ഈ പാഠപുസ്തകം പ്രയോജനപ്പെടുത്താം.
നിങ്ങൾക്കതു സാധിക്കും.

എല്ലാവർക്കും മനസ്സുനിറഞ്ഞ ആശംസ നേരുന്നു.

സ്നേഹപൂർവം,

**ഡോ. ജയപ്രകാശ് ആർ.കെ.**
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി. കേരളം

## പാഠപുസ്തക രചന
### ശില്പശാലയിൽ പങ്കെടുത്തവർ

**ഡോ. എം. വി. ഗംഗാധരൻ**
റിട്ട. സീനിയർ ലക്ചറർ,
ഡയറ്റ്, കാസർഗോഡ്

**വി. രാമൻകുട്ടി**
റിട്ട. പ്രൈമറി ഹെഡ്മാസ്റ്റർ,
വടക്കേടത്ത്, വെള്ളിനേഴി, പാലക്കാട്

**എം. വി. രാജൻ**
റിട്ട. പ്രൈമറി ഹെഡ്മാസ്റ്റർ,
അർഘ്യം, എരവിമംഗലം, മലപ്പുറം

**എം. കൃഷ്ണദാസ്**
റിട്ട. പ്രൈമറി ഹെഡ്മാസ്റ്റർ,
മുഞ്ഞക്കണ്ണി, കാരാക്കുറുശ്ശി, പാലക്കാട്

**കെ. ഹരിദാസൻ**
റിട്ട. എച്ച്.എസ്.ടി. മലയാളം,
കൂറ്റനിൽ, തച്ചംപാറ, പാലക്കാട്

**വി. എസ്. ബിന്ദു**
റിട്ട. പി.ഡി. ടീച്ചർ,
ദേവപ്രഭ, കരൂർ, തിരുവനന്തപുരം

**അച്ചുതാനന്ദ ജിനേഷ്. എൽ. വി.**
ജി.എൽ.പി.എസ്. കുന്നക്കാവ്,
മലപ്പുറം

**ഡോ. സുഷമ ബിന്ദു**
ജി.എച്ച്.എസ്. കാപ്പ്, മലപ്പുറം

**അർജുൻ. പി.**
ജി.എച്ച്.എസ്.എസ്. കോക്കൂർ,
മലപ്പുറം

**ബിന്നി ഐരാറ്റിൽ**
ഗവ. വെൽഫെയർ എൽ.പി. സ്കൂൾ,
ബേള, കാസർഗോഡ്.

**നിത. പി.**
ഒ.എ.എൽ.പി.എസ് വല്ലപ്പുഴ,
പാലക്കാട്

**രജിത രാജ്. ആർ.**
ഗവ. ടൗൺ യു.പി.എസ്,
ആറ്റിങ്ങൽ,
തിരുവനന്തപുരം

### ചിത്രരചന

**ഷാജി മാത്യു പത്തനംതിട്ട, നിഷ രവീന്ദ്രൻ മഞ്ചേരി,**
**ബൈജുദേവ് തിരുവനന്തപുരം, വിബിൻനാഥ് പാലക്കാട്**

### രൂപകല്പന

**ശ്രീലേഷ് കുമാർ**

### അക്കാദമിക് കോർഡിനേറ്റർ

**രാജേഷ്. എസ്**
റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി. കേരളം

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT)
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012

# ഉള്ളടക്കം


1. കനകച്ചിലങ്ക........................ 07

2. പലഹാരപ്പൊതി............... 33

3. മനുഷ്യന്റെ കൈകൾ ..... 53




# ഭാരതത്തിന്റെ ഭരണഘടന

## ആമുഖം

**ഭാരതത്തിലെ ജനങ്ങളായ നാം** ഭാരതത്തെ ഒരു [1]**[പരമാധികാര സ്ഥിതിസമത്വ മതേതര ജനാധിപത്യ റിപ്പബ്ലിക്കായി]** സംവിധാനം ചെയ്യുവാനും അതിലെ പൗരന്മാർക്കെല്ലാം:

സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവും ആയ **നീതിയും;**

ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ആരാധനയ്ക്കും ഉള്ള **സ്വാതന്ത്ര്യവും;**

പദവിയിലും അവസരത്തിലും **സമത്വവും;** സംപ്രാപ്തമാക്കുവാനും;

അവർക്കെല്ലാമിടയിൽ


വ്യക്തിയുടെ അന്തസ്സും [2][രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും] ഉറപ്പുവരുത്തിക്കൊണ്ട് **സാഹോദര്യം** പുലർത്തുവാനും;

സഗൗരവം തീരുമാനിച്ചിരിക്കയാൽ;

**നമ്മുടെ ഭരണഘടനാനിർമ്മാണസഭയിൽ** ഈ 1949 നവംബർ ഇരുപത്താറാം ദിവസം **ഇതിനാൽ ഈ ഭരണഘടനയെ സ്വീകരിക്കുകയും നിയമമാക്കുകയും നമുക്കു തന്നെ പ്രദാനം ചെയ്യുകയും ചെയ്യുന്നു.**

---

1. 1976 - ലെ ഭരണഘടന (നാല്പത്തിരണ്ടാം ഭേദഗതി) ആക്റ്റ് 2-ാം വകുപ്പു പ്രകാരം "പരമാധികാര ജനാധിപത്യ റിപ്പബ്ലിക്" എന്നതിന് പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).
2. മേല്പറഞ്ഞ ആക്റ്റ് 2-ാം വകുപ്പു പ്രകാരം "രാഷ്ട്രത്തിന്റെ ഐക്യം" എന്നതിനു പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).




1

# കനകച്ചിലങ്ക

"അമ്മ ചൊല്ലിത്തന്ന ഭാഷ, ഞങ്ങൾ -
ക്കമ്മയെപ്പോലെയീ ഭാഷ"

*പി. ടി. ഭാസ്കരപ്പണിക്കർ*

# കാക്കിരി പൂക്കിരി

കാക്കിരി പൂക്കിരി തേന്മാവിന്റെ
എത്താക്കൊമ്പത്ത്

കാക്കിരി പൂക്കിരി മാങ്ങകളങ്ങനെ
പഴുത്തുതൂങ്ങുന്നു.

കാക്കിരി പൂക്കിരി പിള്ളേരങ്ങനെ
ആർത്തുവിളിക്കുന്നു,


കാക്കിരി പൂക്കിരി കാറ്റിൻകൈയുകൾ
കൊമ്പുകുലുക്കുന്നു.

കാക്കിരി പൂക്കിരി നാലഞ്ചെണ്ണം
നിലത്തുവീഴുന്നു,

കാക്കിരി പൂക്കിരി തേൻതുള്ളികളീ
നാവിനു സമ്മാനം.

*രാമകൃഷ്ണൻ കുമരനല്ലൂർ*
*(തൂവൽ)*

- താളം പിടിച്ച് ഈണത്തിൽ കവിത ചൊല്ലിനോക്കൂ.
- ഈ കവിതയിൽ ആവർത്തിച്ചുവരുന്ന രണ്ടു വാക്കുകൾ ഏതെല്ലാം? ആ വാക്കുകൾകൊണ്ട് എന്തൊക്കെയാവാം ഉദ്ദേശിക്കുന്നത്? കൂട്ടുകാരുമായി പങ്കുവയ്ക്കൂ.
- കവിതയ്ക്കു ചുറ്റുമായി യോജിച്ച ചിത്രം വരച്ച് നിറം നൽകി ഭംഗിയാക്കൂ.
- വരച്ച ചിത്രങ്ങൾ പരസ്പരം പങ്കുവയ്ക്കൂ.



# വാമൊഴിച്ചന്തം

എന്തൊരു കിലുക്കമുള്ള ഭാഷയാണ് നമ്മുടെ മലയാളം! കിലുക്കം നിറഞ്ഞുകവിഞ്ഞതാണ് നമ്മുടെ പാട്ടും പറച്ചിലും.


## തിന്താരോ തക

തിന്താരോ തക തിന്താരോ തക
തിന്താരോ തക തിന്താരോ.
തിന്താരോ തക തിന്താരോ തക
തിന്താരോ തക തിന്താരോ.

ഒന്നാനമ്മയ്ക്കും മക്കൾക്കുമാടാൻ
രണ്ടാം കുന്നിന്മേലൂഞ്ഞാല്.
രണ്ടാനമ്മയ്ക്കും മക്കൾക്കും ചൂടാൻ
മൂന്നാം കാവിലെ മുല്ലപ്പൂ.

തിന്താരോ തക തിന്താരോ തക
തിന്താരോ തക തിന്താരോ.
തിന്താരോ തക തിന്താരോ തക
തിന്താരോ തക തിന്താരോ.





മൂന്നാനമ്മയ്ക്കും മക്കൾക്കും ചാർത്താൻ
നാലാംകാട്ടിലെ പൊന്മാല.
നാലാനമ്മയ്ക്കും മക്കൾക്കും ചുറ്റാൻ
അഞ്ചാം ചെമ്മുകിൽ പൂഞ്ചേല.

തിന്താരോ തക തിന്താരോ തക
തിന്താരോ തക തിന്താരോ.
തിന്താരോ തക തിന്താരോ തക
തിന്താരോ തക തിന്താരോ.

(നാടൻപാട്ട്)

- കൂട്ടുകാരുമൊത്ത് ഈ പാട്ട് താളമിട്ട് പാടൂ.
- ഈ പാട്ടിനു തുടർച്ചയായി ചില വരികൾ കണ്ടെത്താമോ? എഴുതി താളമിട്ട് പാടൂ.
- ചില വായ്ത്താരികൾ ടീച്ചറോടൊപ്പം ചൊല്ലി ആസ്വദിച്ചല്ലോ. നിങ്ങളുണ്ടാക്കിയ വായ്ത്താരികൾ എഴുതിവയ്ക്കൂ. വായ്ത്താരികൾ സംഘമായി ചൊല്ലി ആസ്വദിക്കൂ.
- ഇത്തരം വായ്ത്താരികളുള്ള നാടൻപാട്ടുകൾ ടീച്ചർ തരും. അവ പാടി രസിക്കൂ. ബാലസഭയിൽ അവതരിപ്പിക്കൂ.
- നിങ്ങൾ വായ്ത്താരിയും നാടൻപാട്ടും മടികൂടാതെ ചൊല്ലിയോ? സ്വയം പരിശോധിക്കൂ.



പാട്ടിലും കവിതയിലും മാത്രമല്ല, ചൊല്ലുകളിലും താളമുണ്ട്.
ഈ വിവരണം വായിക്കൂ.



# പഴഞ്ചൊൽപ്പെരുമ


"നാരങ്ങപ്പാല് ചൂട്ടയ്ക്കു രണ്ട്
ഇലകൾ പച്ച പൂക്കൾ മഞ്ഞ
ഓടിയോടി വര്ണ കള്ളനെ പിടിച്ചേ..."

പൊടിപാറിയ കളിയാണ് മുറ്റത്ത്. ആകെ കൂക്കും വിളിയും. ബഹളമയം.
"എന്താ മക്കളേ, കാക്കക്കൂട്ടിൽ കല്ലിട്ടപോലെ." അമ്മയാണ്.
"ഹായ്! നെയ്യപ്പത്തിന്റെ മണം." കുട്ടികൾ ആർത്തുവിളിച്ചു.
"ഓ! കളിയൊക്കെ നിർത്തിയോ? എന്താണിപ്പോ എല്ലാവരും ഇങ്ങോട്ടോടി വന്നത്?"
"ങാ, അതങ്ങനെയാ, 'അരിയെറിഞ്ഞാൽ ആയിരം കാക്ക' എന്നല്ലേ"
"അല്ലാ, നീയെന്താ ബേബീ അവിടെ ഒതുങ്ങിയിരിക്കുന്നത്?"
ബേബിയെ നോക്കി അമ്മ ചോദിച്ചു.
"അതേയ്, കളിയ്ക്കാനും കൂടീട്ടില്ല.
തലവേദനയും പനിയുമാണത്രേ, അവൾക്ക്.
വയറുവേദനേം ണ്ട്."



ബേബിയുടെ കൂട്ടുകാരി പറഞ്ഞു.
“ന്നാലും ഒരു നെയ്യപ്പം കഴിച്ചോ മോളേ.”
അമ്മ സ്നേഹത്തോടെ നിർബന്ധിച്ചു.
“വേണ്ടമ്മേ... എനിക്കു വയ്യ.” ബേബി ചിണുങ്ങി.
“കഷ്ടം തന്നെ!”
“എന്റെ കുട്ടിക്ക് എന്തിഷ്ടാ നെയ്യപ്പം!
അത് തിന്നാറായപ്പോഴോ?
‘ആലിൻകായ പഴുത്തപ്പോ കാക്കയ്ക്ക് വായ്പ്പുണ്ണ്’
എന്ന നിലയിലായി അവളുടെ കാര്യം.
അമ്മ വിചാരിച്ചു.

“ബേബിക്കുട്ട്യേ... മോൾടെ പനി മാറുമ്പോ
അമ്മ നെയ്യപ്പം ണ്ടാക്കിത്തരാം ട്ടോ.”
ബേബിയെ തൊട്ടുതലോടി ആശ്വസിപ്പിച്ച്
അമ്മ അകത്തേയ്ക്കു പോയി.
മുറ്റത്തുനിന്നു വീണ്ടും
ബഹളമുയർന്നു.
‘കാക്കക്കൂട്ടിൽ കല്ലിട്ട പോലെ.’



- വിവരണം വായിച്ച് പഴഞ്ചൊല്ലുകൾ കണ്ടെത്തൂ. എഴുതൂ.
- 'കാക്കക്കൂട്ടിൽ കല്ലിട്ടപോലെ' എന്നു പറയുമ്പോൾ അത് കാക്കകളെക്കുറിച്ചു മാത്രമാണോ?
- 'അരിയെറിഞ്ഞാൽ ആയിരം കാക്ക' എന്നതുകൊണ്ട് കാക്കയുടെ വരവിനെ മാത്രമാണോ സൂചിപ്പിക്കുന്നത്?
- ഈ ചൊല്ലുകളെക്കുറിച്ച് നിങ്ങളുടെ അഭിപ്രായം പറയൂ. മറ്റുള്ളവർ പറയുന്നതിനോട് പ്രതികരിക്കൂ.
- ഒരു കാര്യം പറയുകയും വേറൊന്ന് ആശയമായി വരികയും ചെയ്യുന്ന രീതിയിൽ പുതിയ വാക്യങ്ങൾ, വാക്കുകൾ (പദക്കൂട്ടുകൾ) എന്നിവ എഴുതിനോക്കൂ.

ഒരു പഴഞ്ചൊല്ലും അതിനു ചേരുന്ന ചിത്രവുമാണ് ചുവടെയുള്ളത്. അതുനോക്കൂ.

## ഒരുമതന്നെ പെരുമ



- പഴഞ്ചൊല്ലിനെപ്പറ്റി ചിത്രത്തിൽനിന്ന് എന്തെല്ലാം കണ്ടെത്താം?
- പഴഞ്ചൊല്ലുകൾ ചേരുമ്പോൾ ഭാഷയ്ക്കു ഭംഗി കൂടുന്നത് കണ്ടല്ലോ. യോജിച്ച പഴഞ്ചൊല്ലുകൾ നിങ്ങളുടെ വർത്തമാനത്തിലും എഴുത്തിലും ചേർക്കാൻ ശ്രമിക്കൂ.

# പഠനച്ചെപ്പ്

## പഠനത്തെളിവുകൾ (പോർട്ട്ഫോളിയോ)

| ഇനം | വിഭവം |
|---|---|
| നോട്ടുപുസ്തകം | • ചിത്രീകരണം (കാക്കിരി പൂക്കിരി)<br>• 'കാക്കിരി പൂക്കിരി' - വിവിധ സന്ദർഭങ്ങളിലെ അർഥം കണ്ടെത്തിയെഴുതിയത്<br>• 'തിന്താരോ തക' നാടൻപാട്ടിൽ കൂടുതൽ വരികൾ കൂട്ടിച്ചേർത്തത്<br>• വായ്ത്താരികൾ - കേട്ടതും സ്വയം നിർമ്മിച്ചതും<br>• പദക്കൂട്ടുകൾ - കണ്ടെത്തി എഴുതിയത്<br>• പഴഞ്ചൊല്ലുകൾ - ചർച്ചചെയ്ത കാര്യങ്ങൾ |
| രചനാശേഖരം | • നാടൻപാട്ടിൽ പുതിയ വരികൾ കൂട്ടിച്ചേർത്തത് |
| ഓഡിയോ | • 'കാക്കിരി പൂക്കിരി' എന്ന കവിത താളമിട്ടുചൊല്ലിയത്<br>• 'തിന്താരോ തക' നാടൻപാട്ട് താളമിട്ടു ചൊല്ലിയത് |

## പ്രത്യേക അവതരണസന്ദർഭങ്ങൾ

| ഇനം | വിഭവം |
|---|---|
| പ്രഭാത സർഗവേള | • കവിത, നാടൻപാട്ട്, വായ്ത്താരികൾ എന്നിവ ഒറ്റയ്ക്കും സംഘമായും താളമിട്ടു ചൊല്ലിക്കൊണ്ടുള്ള അവതരണം |
| ബാലസഭ | • കവിത, നാടൻപാട്ട്, വായ്ത്താരികൾ എന്നിവ ഒറ്റയ്ക്കും സംഘമായും താളമിട്ടു ചൊല്ലിക്കൊണ്ടുള്ള മികച്ച അവതരണം |
| നവമാധ്യമം | • 'കാക്കിരി പൂക്കിരി' കവിതയ്ക്ക് വരച്ചുചേർത്ത ചിത്രങ്ങളുടെ ഫോട്ടോ |

# കഥ കഥ കസ്തൂരി

ടീച്ചർ ഒരു നാടോടിക്കഥ പറഞ്ഞതു കേട്ടല്ലോ.
ഇനി മറ്റൊരു കഥ വായിക്കാം.

## ആനേം അണ്ണാറക്കണ്ണനും

ആനേം അണ്ണാനും ഓരോരോ പ്ലാവു നട്ടു. ആന എന്നും നനച്ചുകൊടുത്തു. ആനേടെ പ്ലാവ് വലുതായി വലുതായി വന്നു. അണ്ണാന്റെ പ്ലാവോ? വെള്ളം കിട്ടാതെ കരിഞ്ഞും പോയി.

ആനേടെ പ്ലാവിൽ ഒരുപാട് ചക്കണ്ടായി. അതുകണ്ട് അണ്ണാന് കൊതി മൂത്തു. ആന കാണാതെ അണ്ണാൻ പ്ലാവിൽ കയറി ഒരു ചക്ക തിന്നു. 'ഞാനൊന്നുമറിഞ്ഞില്ലേ' എന്ന ഭാവത്തിൽ ഇറങ്ങിപ്പോരേം ചെയ്തു.

"ഒരു ചക്ക കാണാനില്ലല്ലോ, അണ്ണാനോടൊന്നു ചോദിക്കുക തന്നെ." ആന വിചാരിച്ചു. "നീയെന്റെ ചക്ക തിന്നോ?"
"തിന്നൂലോ... ഛിൽ.. ഛിൽ.. ഛിൽ.. ഞാനൊരു ചക്ക തിന്നൂലോ." അണ്ണാൻ പറഞ്ഞു.

ആനയ്ക്ക് ദേഷ്യം വന്നു. അണ്ണാനെ എടുത്ത് ഒരൊറ്റയേറ്.



അണ്ണാൻ ചെന്നുവീണതോ, ഒരു എണ്ണക്കുടത്തിൽ.
അവിടെനിന്നെണീറ്റ് അണ്ണാൻ പറഞ്ഞു:

“നിന്റെ ചക്കേം തിന്നു, ഛിൽ.. ഛിൽ.. ഛിൽ.. എണ്ണേം തേച്ചു.
ഛിൽ.. ഛിൽ.. ഛിൽ..”

ആനയ്ക്ക് ഒരുപാട് ദേഷ്യം വന്നു. ആന അണ്ണാനെ
എടുത്ത് ഒരൊറ്റയേറ്. അണ്ണാൻ ചെന്നുവീണതോ,
ഒരു വാകപ്പാത്രത്തിലും. അവിടെനിന്നെണീറ്റ്
അണ്ണാൻ പറഞ്ഞു:

“നിന്റെ ചക്കേം തിന്നു, ഛിൽ.. ഛിൽ.. ഛിൽ.., എണ്ണേം തേച്ചു,
ഛിൽ.. ഛിൽ.. ഛിൽ.., വാകേം തേച്ചു ഛിൽ.. ഛിൽ.. ഛിൽ..”

ആനയ്ക്ക് ഒരുപാടൊരുപാട് ദേഷ്യം വന്നു.
ആന അണ്ണാനെയെടുത്ത് ഒരൊറ്റയേറ്. അണ്ണാൻ
ചെന്നുവീണതോ, ഒരു താളിപ്പാത്രത്തിലും.
അവിടെനിന്നെണീറ്റ് അണ്ണാൻ പറഞ്ഞു:

“നിന്റെ ചക്കേം തിന്നു, ഛിൽ.. ഛിൽ.. ഛിൽ.., എണ്ണേം തേച്ചു,
ഛിൽ..ഛിൽ..ഛിൽ.., വാകേം തേച്ചു, ഛിൽ.. ഛിൽ.. ഛിൽ..,
താളീം തേച്ചു ഛിൽ.. ഛിൽ.. ഛിൽ..”

ആനയ്ക്ക് ഒരുപാടൊരുപാടൊരുപാട്
ദേഷ്യം വന്നു. ആന അണ്ണാനെ
എടുത്ത് ഒരൊറ്റയേറ്.



ST-279-2-MALAYALAM-3-VOL-1



അണ്ണാൻ ചെന്നുവീണതോ, ഒരു കുളത്തിലും. അവിടെനിന്നെണീറ്റ് അണ്ണാൻ പറഞ്ഞു:

"നിന്റെ ചക്കേം തിന്നു, ഛിൽ.. ഛിൽ.. ഛിൽ..,
എണ്ണേം തേച്ചു, ഛിൽ.. ഛിൽ.. ഛിൽ..,
വാകേം തേച്ചു, ഛിൽ.. ഛിൽ.. ഛിൽ..,
താളീം തേച്ചു, ഛിൽ.. ഛിൽ.. ഛിൽ..,
കുളിക്കേം ചെയ്തു, ഛിൽ.. ഛിൽ.. ഛിൽ.."


ആനയ്ക്ക് ഒരുപാടൊരുപാടൊരുപാടൊരുപാട് ദേഷ്യം വന്നു. ആന അണ്ണാനെയെടുത്ത് ഒരൊറ്റയേറ്. അണ്ണാൻ ചെന്നുവീണതോ, ആനേടെ പ്ലാക്കൊമ്പിലും. അവിടിരുന്ന് വാലാട്ടി താളം പിടിച്ച് അണ്ണാൻ പറഞ്ഞു:

"നിന്റെ ചക്കേം തിന്നു, ഛിൽ.. ഛിൽ.. ഛിൽ..,
എണ്ണേം തേച്ചു, ഛിൽ.. ഛിൽ.. ഛിൽ..,
വാകേം തേച്ചു, ഛിൽ.. ഛിൽ.. ഛിൽ..,
താളീം തേച്ചു, ഛിൽ.. ഛിൽ.. ഛിൽ..,
കുളിക്കേം ചെയ്തു, ഛിൽ.. ഛിൽ.. ഛിൽ..,
പ്ലാവിൻകൊമ്പിലെത്തി,
ഛിൽ.. ഛിൽ.. ഛിൽ..,"

ഇനിയിപ്പോ ഈ അണ്ണാനെ എന്താ ചെയ്യാ!!



- ഈ കഥ നിങ്ങൾക്കിഷ്ടമായോ? ടീച്ചർ പറഞ്ഞുകേൾപ്പിച്ച മറ്റു നാടോടിക്കഥകളോ? എന്തുകൊണ്ട്?
- ഇത്തരം കഥകളിൽ നിങ്ങളെ രസിപ്പിക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ്?
- നിങ്ങളുടെ നാട്ടിലും ഇത്തരം നാടോടിക്കഥകളുണ്ടല്ലോ. നാട്ടിലെ മുതിർന്നവർക്ക് ഈ കഥകളറിയാം. അവരെ ടീച്ചർ സ്കൂളിലേക്കു വിളിക്കും. അവർ പറയുന്ന കഥകൾ കേൾക്കൂ. കേട്ട കഥകൾ വീട്ടിലുള്ളവരെയും കൂട്ടുകാരെയും പറഞ്ഞുകേൾപ്പിക്കാൻ മറക്കരുത്.
- കൂടുതൽ കഥാപുസ്തകങ്ങൾ വായിക്കൂ. നിങ്ങൾക്കിഷ്ടപ്പെട്ട ഏതെങ്കിലും ഒരു കഥ റോൾപ്ലേയായി അവതരിപ്പിക്കൂ.
- നിങ്ങൾ കേട്ടതോ വായിച്ചതോ ആയ കഥ പാവനാടകമായി അവതരിപ്പിക്കൂ. ടീച്ചറുടെ സഹായത്തോടെ പാവകൾ നിർമ്മിക്കാം.





# ഒളിച്ചുകളി

ഒളിപ്പിക്കാനും ഒളിപ്പിച്ചുവച്ചത് കണ്ടെത്താനും എല്ലാവർക്കും ഇഷ്ടമാണ്. കവിതയിലും ചില ഒളിപ്പിച്ചുവയ്ക്കലുണ്ട്. അതുകണ്ടെത്തൽ രസകരമാണ്.

ആരെക്കുറിച്ചാണ് ഈ കവിത? കണ്ടെത്തൂ.

തളിർത്തുലഞ്ഞുനിന്നിടും
തരുക്കൾ തന്റെ ശാഖയിൽ
കൊളുത്തി നീണ്ട നൂലു രശ്മി
പോലെ നാലു ഭാഗവും
കുളത്തിനുള്ളു കാണുമർക്ക-
ബിംബമൊത്തു കാറ്റിലീ
വെളുത്ത കണ്ണിവച്ചെഴും
വിചിത്രരൂപനാരിവൻ?

*കുമാരനാശാൻ*
*(പുഷ്പവാടി)*



- കവിത താളമിട്ടുചൊല്ലൂ.
- താഴെ കൊടുത്ത വാക്കുകളുടെ അർഥം നിഘണ്ടു നോക്കി കണ്ടെത്തൂ.

| | | |
|---|---|---|
| തളിർത്ത് | ഉലഞ്ഞ് | തരുക്കൾ |
| ശാഖ | രശ്മി | അർക്കൻ |
| ബിംബം | വിചിത്രരൂപൻ | |

- കവിതയ്ക്ക് എന്തു പേരിടും? കവിതയിൽനിന്നു കിട്ടിയ എന്തെല്ലാം സൂചനകളാണ് പേര് കണ്ടെത്താൻ സഹായിച്ചത്? ടീച്ചറോടും കൂട്ടുകാരോടും പറയൂ.



കടങ്കഥകളിൽ ഒളിപ്പിച്ചുവച്ച ഉത്തരങ്ങൾ തേടുന്നത് ഇഷ്ടമായല്ലോ. പാട്ടായും പറച്ചിലായും കടങ്കഥകളുണ്ട്. ഇതൊന്ന് വായിച്ചുനോക്കൂ.

# മാനത്തെ കാഴ്ചകൾ

നീലക്കായലിലിളകും തിരയിൽ
നീരില്ലാ നിലയില്ലാ
നീരു ചേരാക്കായലേതെ-
ന്നിത്തിരിപ്പൂവേ... ഇത്തിരിപ്പൂവേ...
തീരമില്ലാക്കായലകലെ
കാണുമാകാശം... കാണുമാകാശം...

നീലക്കായലിലിളകും വഞ്ചിയി-
ലാളില്ലാ തുഴയില്ലാ
കാറ്റിലുലയും തോണിയേതെൻ
സിന്ദൂരപ്പൂവേ... സിന്ദൂരപ്പൂവേ...
വാനിലെ പൊൻതോണിയല്ലീ
ചന്ദ്രക്കലരൂപം... ചന്ദ്രക്കലരൂപം...


ദൂരെക്കായലിലൊഴുകും കനലിനു
തീയില്ലാ പുകയില്ലാ
ചൂടുകിട്ടാത്തീക്കനലേതെൻ
മന്ദാരപ്പൂവേ... മന്ദാരപ്പൂവേ...
കൈവിളക്കുകണക്കു കത്തും
സ്വർണനക്ഷത്രം... സ്വർണനക്ഷത്രം...

*പ്രഭാവർമ്മ*

- തീരംകാണാത്ത കായലായിട്ടാണല്ലോ ആകാശത്തെ കവി പറയുന്നത്. കായലിനും ആകാശത്തിനും തമ്മിൽ ചേർച്ചയുണ്ടോ? എന്തുതോന്നുന്നു?
- ചന്ദ്രക്കല ആകാശത്തിലെ തോണിയാണ് എന്നു പറയാൻ എന്തായിരിക്കും കാരണം?



- മാനത്ത് തീയും പുകയും ചൂടുമില്ലാത്ത തീക്കനലുണ്ടത്രേ, നക്ഷത്രം! നക്ഷത്രം എന്നുത്തരം കിട്ടുന്ന മറ്റൊരു കടങ്കഥ പറയാമോ?
- ടീച്ചർ ചില കടങ്കഥപ്പാട്ടുകൾകൂടി ചൊല്ലിത്തന്നല്ലോ. അവയുടെ ഉത്തരം കണ്ടെത്താനായോ?



- മുകളിൽ നൽകിയ ചിത്രത്തിലെ വസ്തുക്കൾ, ദൃശ്യങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി കടങ്കഥകൾ നിർമ്മിക്കൂ. കൂട്ടുകാരുമായി പങ്കിടൂ. അവയുടെ ഉത്തരം കൂട്ടുകാർക്ക് കണ്ടെത്താനാവുന്നുണ്ടോ?
- കടങ്കഥകൾക്ക് എന്തെല്ലാം പ്രത്യേകതകൾ ഉണ്ടാവണം? ക്ലാസിൽ ചർച്ചചെയ്തു കണ്ടെത്തി എഴുതൂ.

# പഠനച്ചെപ്പ്

## പഠനത്തെളിവുകൾ (പോർട്ട്ഫോളിയോ)

| ഇനം | വിഭവം |
|---|---|
| നോട്ടുപുസ്തകം | • കഥയിൽ രസിപ്പിക്കുന്ന കാര്യങ്ങൾ - കുറിപ്പ്<br>• കടങ്കഥകൾ - ശേഖരിച്ചതും ഉണ്ടാക്കിയതും<br>• പദക്കൂട്ടെഴുത്ത്, കടങ്കഥപ്പാട്ടുകൾ<br>• പകരം പദങ്ങൾ - കണ്ടെത്തിയെഴുതിയത് |
| രചനാശേഖരം | • കടങ്കഥപ്പതിപ്പ് |
| ഓഡിയോ | • കഥവായന<br>• കഥപറയൽ<br>• കടങ്കഥപ്പയറ്റ് |
| വീഡിയോ | • റോൾപ്ലേ, പാവനാടകം എന്നിങ്ങനെ കഥ മാറ്റി അവതരിപ്പിച്ചത് |

## പ്രത്യേക അവതരണസന്ദർഭങ്ങൾ

| ഇനം | വിഭവം |
|---|---|
| പ്രഭാത സർഗവേള | • കഥപറയൽ<br>• കഥ വായിച്ചവതരിപ്പിക്കൽ<br>• പാവനാടകം |
| ബാലസഭ | • കഥപറയൽ<br>• കഥ വായിച്ചവതരിപ്പിക്കൽ<br>• പാവനാടകം, റോൾപ്ലേ, കടങ്കഥപ്പയറ്റ് |
| അസംബ്ലി | • കഥ പറയൽ<br>• കഥ വായിച്ചവതരിപ്പിക്കൽ<br>• കടങ്കഥപ്പതിപ്പ് പ്രകാശനം |
| നവമാധ്യമം | • കേട്ടതോ, വായിച്ചതോ ആയ കഥയെക്കുറിച്ച് കുട്ടികൾ നടത്തിയ ചർച്ച/അഭിപ്രായപ്രകടനം<br>• പാവനാടകം, റോൾപ്ലേ എന്നിങ്ങനെ കഥ മാറ്റി അവതരിപ്പിച്ചത്<br>• ഞാൻ പറഞ്ഞ കഥകൾ<br>• ഞാൻ വായിച്ചവതരിപ്പിച്ച കഥകൾ |



# താളവും മേളവും

താളവും ഈണവും നിറഞ്ഞ ഭാഷയാണ് നമ്മുടെ മലയാളം. കഥയിലും കടങ്കഥയിലും നിറഞ്ഞുനിൽക്കുന്ന താളവും ഈണവും നമ്മൾ കണ്ടല്ലോ. കഥയ്ക്കും കടങ്കഥയ്ക്കും മാത്രമാണോ ഭംഗിയുള്ളത്? ഒരു ഉത്സവവിവരണം വായിക്കൂ.

## കാനനോത്സവം

കൊയ്ത്തുകഴിഞ്ഞ വയൽ. അവിടമാകെ നക്ഷത്രത്തരിപോലെ നെന്മണികൾ കൊഴിഞ്ഞു കിടക്കുന്നുണ്ടാവും. അതു കൊത്തിപ്പെറുക്കി വയറു നിറച്ചു തിരികെ പോരുന്നതിനുമുമ്പ് നാട്ടിലൊക്കെയൊന്നു ചുറ്റിത്തിരിയണം. അത് കുഞ്ഞരിപ്രാവിന്റെ പതിവാണ്.

അങ്ങനെ ചുറ്റിത്തിരിയുമ്പോഴാണ് അവൾ കാടരിക് എൽ.പി.സ്കൂൾ ഗ്രൗണ്ടിൽനിന്ന് മൈക്ക് അനൗൺസ്മെന്റ് കേട്ടത്.
അവൾ അവിടേക്കു പറന്നെത്തി.

ഭക്ഷണപ്പുരയോടു ചേർന്നുള്ള മുത്തശ്ശിപ്ലാവിന്റെ കൊമ്പിൽ ചെന്നിരുന്നു. അവിടെനിന്നു നോക്കിയാൽ സ്കൂൾ മുഴുവൻ കാണാം. ഗ്രൗണ്ടിനോടു ചേർന്നുള്ള സ്റ്റേജിൽനിന്നാണ് അനൗൺസ്മെന്റ്. കുട്ടികൾ തിങ്ങിനിറഞ്ഞ ഗ്രൗണ്ട്, പൂത്ത താഴ്‌വരപോലെ. അവിടെയാണു കലോത്സവം. സ്റ്റേജിൽ ലളിതഗാനമത്സരമാണു നടക്കുന്നത്. ഓരോ പാട്ടുകഴിയുമ്പോഴും കുട്ടികളൊന്നാകെ കൈയടിക്കുന്നു; സന്തോഷസൂചകമായി ആർപ്പുവിളിക്കുന്നു. പാട്ടിനുശേഷം മോണോആക്ട്, മിമിക്രി, ഡാൻസ്, ഒപ്പന, തിരുവാതിരക്കളി അങ്ങനെ പലതരം പരിപാടികൾ അരങ്ങേറി. കുട്ടികളാകെ ഉല്ലാസത്തിലാണ്.

കുഞ്ഞരിപ്രാവ് ആ പരിപാടികളെല്ലാം കണ്ടുരസിച്ചു.

കാട്ടിൽ തിരിച്ചെത്തിയപ്പോഴേക്കും സായാഹ്നസഭയുടെ സമയമായിരുന്നു.

കാട്ടുചോലയുടെ വക്കത്തുള്ള വിശാലമായ കറുകപ്പുൽമൈതാനത്തിലാണ് സകല കാട്ടുജീവികളും പങ്കെടുക്കുന്ന സഭ ചേരുക.

കാട്ടുരാജാവായ സൂചിക്കൊമ്പന്റെ കല്പനയനുസരിച്ച് സകലരും കൃത്യസമയത്തെത്തും. കാട്ടുപ്രതിജ്ഞയും വാർത്തപറയലും രാജന്റെ വിളംബരവും കഴിഞ്ഞാൽ പ്രജകൾക്കുള്ള അഭിപ്രായപ്രകടനത്തിന്റെ സമയമാണ്. അപ്പോൾ കുഞ്ഞരിപ്രാവ് പതിയെ പറഞ്ഞു:

"നമ്മുടെ കാട്ടിലും കലോത്സവം നടത്തണം, മഹാരാജൻ."

"അതൊക്കെ വേണോ കുഞ്ഞിപ്പെണ്ണേ?" രാജാവ് നെറ്റിചുളിച്ചു.

"ശരിയാ, അതൊക്കെ വല്യ പൊല്ലാപ്പാണ്, മഹാരാജൻ." മുയലച്ചൻ തൊഴുകൈയോടെ പറഞ്ഞു.

"വേണ്ട വേണ്ട, അതൊന്നും വേണ്ട. ഇവൾ ഓരോന്നിങ്ങനെ കൊണ്ടുവരും. മനുഷ്യരുടെ ഓരോരോ കോമാളിത്തരങ്ങൾ."

കരടിക്കുട്ടൻ തറപ്പിച്ചു പറഞ്ഞു.

"സൈലൻസ്... സൈലൻസ്... അല്ലാ കുഞ്ഞരിപ്രാവേ, എന്താണീ കലോത്സവം? നീയൊന്നു പറ." മഹാരാജാവ് കല്പിച്ചു.

താൻ കണ്ട കലോത്സവത്തെപ്പറ്റി കുഞ്ഞരിപ്രാവ് വിശദമായി പറഞ്ഞു.

"നമ്മുടെ കാട്ടിലെല്ലാവരും കലാവാസനയുള്ളവരാണ്. അവരെല്ലാം ചേർന്നുള്ള കലോത്സവം വേണം രാജൻ..." മന്ത്രി മയിലമ്മ വ്യക്തമാക്കി.

"പ്രജകളുടെ ഒത്തൊരുമയ്ക്കും സന്തോഷത്തിനും അത്തരം പരിപാടികൾ നല്ലതാണ്."

കുയിലമ്മ മന്ത്രിയെ പിന്താങ്ങി.





"കാട്ടുകായികോത്സവം പോലെ ഇതും നമുക്കു നടത്താവുന്നതാണ്." സുന്ദരിക്കാക്ക പറഞ്ഞു.

"കലാമേളയിൽ എന്തെല്ലാം ഇനങ്ങൾ വേണം?"
കുഞ്ഞിക്കുറുക്കൻ തിരക്കുകൂട്ടി.

"പാട്ട്, നൃത്തം, കൂവൽ, കുറുകൽ, ഓരിയിടൽ, ഫാഷൻഷോ, ഡിസ്കോ, മിമിക്രി..." നിർദേശങ്ങളുടെ നീണ്ട നിരതന്നെയുണ്ടായി.


"എന്നാണു കാനനോത്സവം നടത്തേണ്ടത്?" രാജാവും ഉത്സാഹത്തിലായി.

"എന്തിനാ വൈകിക്കുന്നത്, മഹാരാജൻ?
വരുന്ന സംഗീതദിനത്തിലാവട്ടെ." കരുത്തൻപരുന്തു നിർദേശിച്ചു.

"കുഞ്ഞിക്കുരുവി കലാമേളയുടെ അധ്യക്ഷത വഹിക്കും, ചിന്നക്കുയിൽ കൺവീനറും." മന്ത്രി മയിലമ്മ ചുമതലകൾ പ്രഖ്യാപിച്ചു.

"ആർക്കും മത്സരിക്കാം, പ്രായപരിധിയില്ല. പങ്കെടുക്കുന്നവർ നാളത്തെ സായാഹ്നസഭയിൽ പേരുതരണം."
കുഞ്ഞിക്കുരുവി ഗൗരവത്തിൽ പറഞ്ഞു.

ദാ... ന്ന് പറഞ്ഞതുപോലെ
കാനനോത്സവദിനമായി.



കാടിന്റെ നാനാഭാഗത്തുനിന്നും
കാട്ടുജീവികൾ ഓടിക്കൂടി.
കറുകപ്പുൽമൈതാനം കാണികളെക്കൊണ്ടു നിറഞ്ഞു.

സ്റ്റേജിൽ ആദ്യം നടക്കുന്ന ഫാഷൻഷോയ്ക്ക് പുള്ളിപ്പുലി പേരുവിളിക്കാൻ തുടങ്ങി. തുടർന്ന് കുയിലിന്റെ നേതൃത്വത്തിൽ പാട്ടുമത്സരമാണെന്ന് അറിയിപ്പുണ്ടായി. നൃത്തനൃത്യങ്ങളിൽ പങ്കെടുക്കുന്നവർ കരുത്തൻപരുന്തിന്റെ അടുത്തുചെന്ന് ഉടനെ നറുക്കെടുക്കണമെന്ന് മൂന്നാമതും അനൗൺസ്മെന്റ് കേട്ടു.

മത്സരത്തിൽ ജയിച്ചവരും തോറ്റവരും കൈയടിച്ച് ആർപ്പുവിളിച്ചു. രാജാവെന്ന നിലവിട്ട്, ഓരോ മത്സരത്തിലും സൂചിക്കൊമ്പൻ ഒരുകൈ നോക്കി. ഫാഷൻഷോയിലും അമറൽ മത്സരത്തിലും മാത്രമേ ജയിക്കാനായുള്ളു.

കാനനോത്സവം സംഘടിപ്പിക്കാൻ ഐഡിയ തന്നതിന്, സൂചിക്കൊമ്പൻ കുഞ്ഞരിപ്രാവിനെ തളിരിലമാല അണിയിച്ചുകൊണ്ട് ആദരിച്ചു. എല്ലാക്കൊല്ലവും കാനനോത്സവം നടത്തുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. കാട്ടുകാരെല്ലാം ആർത്തുല്ലസിച്ചാണ് കൂട്ടിലേക്കു പോയത്.



- ഇതിലെ ഏതെല്ലാം കലാപരിപാടികൾ നിങ്ങൾ കണ്ടിട്ടുണ്ട്?
- സ്കൂൾ കലോത്സവത്തെക്കുറിച്ച് കുഞ്ഞരിപ്രാവ് നടത്തിയ വിവരണം എഴുതാമോ?
- കാട്ടിലെ കൂട്ടുകാർക്കുമാത്രം പങ്കെടുക്കാൻ കഴിയുന്ന ഏതെങ്കിലും പുതിയ ഇനങ്ങൾ നിർദേശിക്കാമോ?
- പാഠഭാഗത്ത് ചില മത്സരയിനങ്ങളുടെ പേരുണ്ട്. മറ്റുചില മത്സരയിനങ്ങൾ നാം കണ്ടെത്തി. ഇവയെല്ലാം അക്ഷരമാലാ ക്രമത്തിൽ എഴുതിവയ്ക്കൂ. ഒരോ ഇനത്തിലും പങ്കെടുക്കേണ്ട ജീവികൾ ഏതെല്ലാമെന്നുകൂടി അതോടൊപ്പം എഴുതൂ.
- കാട്ടുകലോത്സവത്തിലെ മറ്റേതെങ്കിലും ഒരു മത്സരയിനത്തിനുള്ള നിയമാവലി തയ്യാറാക്കാമോ?
- കാട്ടിൽ ഒരു കായികമേള നടത്തുന്നു. അതിൽ എന്തെല്ലാം ഇനങ്ങൾ ഉണ്ടാവും? എഴുതൂ.



# നിറങ്ങളുടെ നൃത്തം

കാനനോത്സവത്തെപ്പറ്റിയാണല്ലോ നാം ഇതുവരെ പറഞ്ഞത്. നിങ്ങളുടെ നാട്ടിലും പലതരം കലാരൂപങ്ങൾ ഉണ്ടല്ലോ. ഏതെല്ലാമാണവ?

- നിങ്ങൾ അവ കണ്ടിട്ടുണ്ടോ? ടീച്ചർക്കും മുതിർന്നവർക്കുമൊപ്പം അവ കാണാൻ ശ്രമിക്കൂ. കണ്ട കലാരൂപങ്ങളുടെ ചിത്രം വരയ്ക്കൂ.
- കലാരംഗത്തുള്ളവരുമായി സംസാരിക്കൂ.

ഓരോ നാട്ടിലും കലാരൂപങ്ങളുണ്ട്. ഇവയുടെ മുഖത്തെഴുത്തും ചമയങ്ങളും ഒരുപോലെയല്ല. വാദ്യോപകരണങ്ങളിലും മാറ്റമുണ്ട്. പാട്ടുകളിലും അവതരണരീതിയിലും മാറ്റം കാണാം.

രണ്ടു കലാരൂപങ്ങളുടെയും ചിത്രം നോക്കൂ.



*കഥകളി*



*പടയണി*

- എന്തെല്ലാം വ്യത്യാസങ്ങളാണ് കണ്ടെത്താൻ കഴിഞ്ഞത്?
- കാഴ്ചയിൽ രണ്ടു കലാരൂപങ്ങളും തമ്മിൽ എന്തെല്ലാം സാമ്യങ്ങളാണുള്ളത്?
- സാമ്യവും വ്യത്യാസവും പട്ടികപ്പെടുത്തി എഴുതിനോക്കൂ.

മിക്ക കലാരൂപങ്ങളുടെയും അവതരണത്തോടൊപ്പം
ചില പാട്ടുകൾ പിന്നണിയിലുണ്ടാവും.
പാട്ടുപാടി അവതരിപ്പിക്കുന്ന കലാരൂപങ്ങളിലൊന്നാണ് തുള്ളൽ.
തുള്ളൽപ്പാട്ടുകൾ നല്ല കവിതകളുമാണ്.
ഈ തുള്ളൽപ്പാട്ടു താളത്തിൽ ചൊല്ലൂ.

## പടയുടെ കെടുതി

ഇട്ടിപ്പെണ്ണിനു കട്ടിലു പോയി
നെട്ടിപ്പെണ്ണിനു പെട്ടികൾ പോയി.
കണ്ടച്ചാരുടെ മുണ്ടും പോയി
ചെണ്ടക്കാരുടെ ചെണ്ടകൾ പോയി.
കേളച്ചാരുടെ വാളും പോയി
കാളൻനായുടെ ചങ്ങല പോയി.
ചിരികണ്ടച്ചാർ പടയിൽച്ചാടി-
ച്ചുരിക കളഞ്ഞേച്ചോടിപ്പോന്നു.

കോന്തിച്ചേട്ടനു കുന്തം പോയി
കോന്തിക്കവനുടെ കൊടുവാൾ പോയി.
ചേമ്പു കിളച്ചു നടുമ്പോൾ നമ്മുടെ
ചങ്ങാതിക്കൊരു തൂമ്പാ പോയി.
എന്നെല്ലാം ചില ദൂഷണവാക്കുകൾ
പിന്നെക്കേൾക്കാം പടപിരിയുമ്പോൾ.

*കുഞ്ചൻ നമ്പ്യാർ*
*(പ്രദോഷമാഹാത്മ്യം തുള്ളൽ)*



*ഓട്ടൻ തുള്ളൽ*

| | |
|---|---|
| കൊടുവാൾ | - വെട്ടുന്നതിനുള്ള ആയുധം |
| തൂമ്പ | - മണ്ണിൽ കിളയ്ക്കാനുള്ള ഉപകരണം |
| ദൂഷണവാക്കുകൾ | - കുറ്റപ്പെടുത്തി പറയുന്ന കാര്യങ്ങൾ |
| പട | - യുദ്ധം |

- ഈ കവിതാഭാഗം വായിക്കുമ്പോൾ ഒരു ചിരി വിടരുന്നില്ലേ? കാരണങ്ങൾ എന്തൊക്കെയാവും?
- നമുക്കു രസം പകരുന്ന എന്തെല്ലാം കാര്യങ്ങളാണ് കവിതയിൽ കണ്ടെത്താനായത്?
- പട അഥവാ യുദ്ധം ഉണ്ടായാൽ പലർക്കും പലതും നഷ്ടപ്പെടും. എന്തെല്ലാം നഷ്ടങ്ങളെക്കുറിച്ചാണ് ഇവിടെ പറഞ്ഞിട്ടുള്ളത്?
- ഇതു പഴയകാലത്തെ കഥ. ഇക്കാലത്താണ് യുദ്ധം ഉണ്ടാവുന്നതെങ്കിലോ? നമുക്ക് എന്തെല്ലാം നഷ്ടപ്പെടാനിടയുണ്ട്? എഴുതിനോക്കൂ. അവയെ ഒരു തുള്ളൽപ്പാട്ടിന്റെ രീതിയിലാക്കി മാറ്റൂ.



*ശീതങ്കൻ തുള്ളൽ*



*പറയൻ തുള്ളൽ*

# പഠനച്ചെപ്പ്

## പഠനത്തെളിവുകൾ (പോർട്ട്ഫോളിയോ)


| ഇനം | വിഭവം |
|---|---|
| നോട്ടുപുസ്തകം | • കുഞ്ഞരിപ്രാവിന്റെ അനുഭവവിവരണം<br>• നിയമാവലികൾ, മത്സരയിനങ്ങളുടെ പട്ടിക, കലാരൂപങ്ങളുമായി ബന്ധപ്പെട്ട വാക്കുകൾ അക്ഷരമാലാക്രമത്തിൽ ചിട്ടപ്പെടുത്തി എഴുതിയത്<br>• ഏതെങ്കിലും രണ്ടു കലാരൂപങ്ങളുടെ വേഷവിധാനം താരതമ്യം ചെയ്തു തയ്യാറാക്കിയ പട്ടിക<br>• യുദ്ധം വരുത്തിവയ്ക്കുന്ന നഷ്ടങ്ങൾ - കുറിപ്പ്<br>• യുദ്ധത്തിലെ നഷ്ടങ്ങളെപ്പറ്റി സ്വന്തമായി എഴുതിയ തുള്ളൽപ്പാട്ട് |
| രചനാശേഖരം | • കലാരൂപങ്ങളുടെ ചിത്രശേഖരം<br>• കലാവതരണത്തിന്റെ വിവരണം/ ഡയറി<br>• യുദ്ധത്തിലെ നഷ്ടങ്ങളെക്കുറിച്ചു സ്വയം നിർമ്മിച്ച വരികൾ |
| ഓഡിയോ | • തുള്ളൽക്കവിത താളമിട്ടു ഭാവത്തോടെ ചൊല്ലിയത് |
| വീഡിയോ | • കലാകാരന്മാരുമായി നടത്തുന്ന സംഭാഷണം |

## പ്രത്യേക അവതരണ സന്ദർഭങ്ങൾ

| ഇനം | വിഭവം |
|---|---|
| പ്രഭാത സർഗവേള | • ഭാവാത്മകവായന - കാനനോത്സവം |
| ബാലസഭ | • തുള്ളൽക്കവിത താളമിട്ടു ചൊല്ലൽ<br>• സ്വയം തയ്യാറാക്കിയ തുള്ളൽപ്പാട്ടുകളുടെ അവതരണം |
| പുറംചുമർ പ്രദർശനം | • കലാരൂപങ്ങളുടെ ചിത്രങ്ങൾ |
| ബാലമാസിക | • മികച്ച ഡയറി / മികച്ച അനുഭവവിവരണം |
| നവമാധ്യമം | • തുള്ളൽക്കവിത താളമിട്ടു ചൊല്ലിയത് |

# 2

# പലഹാരപ്പൊതി



“കാച്ചിയമോരൊഴിച്ചൊപ്പി വടിച്ചിട്ടു
കാക്കേ പൂച്ചേ പാട്ടുകൾ പാടീട്ടു
മാനത്തമ്പിളിമാമനെക്കാട്ടീട്ടു
മാമുകൊടുക്കുന്നു നങ്ങേലി”

*ഇടശ്ശേരി*



# ഞാനല്ല

പേരയ്ക്ക പഴുത്തപ്പോൾ
നിറമാദ്യം കണ്ടതും
കൈചൂണ്ടിപ്പറഞ്ഞതും
ഞാനല്ലേ?

മാമ്പഴം മണത്തപ്പോൾ
മൂക്കാദ്യം വിടർത്തതും
കൈനീട്ടിച്ചാടിയതും
ഞാനല്ലേ?

നെയ്യപ്പം വെന്തപ്പോൾ
നാക്കു നുണച്ചതും
ഒളികണ്ണാൽ നോക്ക്യതും
ഞാനല്ലേ?



പേരയ്ക്ക പറിച്ചതും
കറുമുറാ തിന്നതും
മാമ്പഴം മുറിച്ചതും
ഗുളുഗുളാ തിന്നതും
നെയ്യപ്പം കടിച്ചതും
കശകശാ തിന്നതും
ഞാനല്ല, ഞാനല്ല
കുഞ്ഞേട്ടൻ.

*ലളിത ലെനിൻ*
*(കടൽ)*

- കവിത ഈണത്തിൽ ചൊല്ലിനോക്കൂ.
- 'ഞാനല്ല ഞാനല്ല' എന്ന് കുട്ടി വീണ്ടുംവീണ്ടും പറയാൻ കാരണമെന്താവും?
- നിങ്ങൾക്ക് എപ്പോഴെങ്കിലും ഈ കവിതയിലെ ചേട്ടന്റെയോ അനുജത്തിയുടെയോ അവസ്ഥയുണ്ടായിട്ടുണ്ടോ?

# കയ്പും മധുരവും

'ഞാനല്ല ഞാനല്ല' എന്നു പറയുന്ന മറ്റൊരു കുട്ടിയെ പരിചയപ്പെടാം. കഥ വായിക്കൂ.

## മുന്തിരിങ്ങ

അമ്മ കുറെ മുന്തിരിങ്ങ വാങ്ങിക്കൊണ്ടുവന്നു. ഉച്ചഭക്ഷണത്തിനുശേഷം കുട്ടികൾക്കു കൊടുക്കാനാണ്. മുന്തിരിങ്ങ ഒരു പിഞ്ഞാണിയിലാക്കി മേശപ്പുറത്തു വച്ചു. ഏറ്റവും ഇളയ മകനായ വാന്യ അതുകണ്ടു. മുന്തിരിങ്ങ അവൻ ആദ്യമായി കാണുകയാണ്.

അവൻ അതിൽനിന്ന് ഒരെണ്ണം എടുത്തു മണത്തുനോക്കി. കൊതി തോന്നിപ്പിക്കുന്ന മണം. മണത്തിട്ടും മണത്തിട്ടും അവനു മതിവന്നില്ല. അവൻ അതു മണത്തുകൊണ്ടേയിരുന്നു. ഒരു മുന്തിരിങ്ങ തിന്നണമെന്ന് വാന്യയ്ക്കു കലശലായ മോഹം. മുന്തിരിങ്ങയുടെ ചുറ്റും പറ്റിക്കൂടിനടന്നു. പിന്നെ മുറിയിൽ ആരുമില്ലാത്ത തക്കംനോക്കി അവൻ ഒരു മുന്തിരിങ്ങ എടുത്തുതിന്നു.

ഭക്ഷണത്തിനുള്ള സമയമായി. അമ്മ വിളിച്ചുപറഞ്ഞു: "മക്കളേ, ഊണിനു സമയമായി. എല്ലാവരും വന്നോളൂ. അച്ഛനെയും വിളിച്ചുകൊള്ളൂ."

അച്ഛനും കുട്ടികളും വന്ന് തീൻമേശയ്ക്കു ചുറ്റുമിരുന്നു.

അമ്മയ്ക്കൊരു സംശയം. മുന്തിരിങ്ങയിൽ ആരോ കൈവച്ചിരിക്കുന്നു. അവരത് എണ്ണിനോക്കി. ഒരെണ്ണം കുറവ്.

അമ്മ ചോദിച്ചു: "മക്കളേ, നിങ്ങളാരെങ്കിലും മുന്തിരിങ്ങ എടുത്തുതിന്നോ? ഒരെണ്ണം കുറവുണ്ടല്ലോ."

എല്ലാ കുട്ടികളും ചേർന്ന് വിളിച്ചുപറഞ്ഞു: "ഇല്ല, ഇല്ല."

വാന്യയുടെ മുഖം ചെമ്പരത്തിപ്പൂപോലെ ചുവന്നു.

അവനും വിളിച്ചുപറഞ്ഞു:

"ഇല്ല, ഞാൻ മുന്തിരിങ്ങ തിന്നില്ല."

അപ്പോൾ അച്ഛൻ പറഞ്ഞു:

"നിങ്ങൾ ആരും മുന്തിരിങ്ങ തിന്നില്ല എന്നു പറയുന്നു. അപ്പോൾ പിന്നെ ഒരു മുന്തിരിങ്ങ എവിടെപ്പോയി?

ഒരെണ്ണം ആരെങ്കിലും
എടുത്തിരിക്കുമെന്നതു തീർച്ച.
കുട്ടികളല്ലേ, നല്ല മുന്തിരിങ്ങ കണ്ടാൽ കൊതിവരും. ഒരെണ്ണം എടുത്തുതിന്നു എന്നുവരും. അതൊരു തെറ്റല്ല. ഞാൻ നിങ്ങളെ ആരെയും കുറ്റപ്പെടുത്തുന്നില്ല. പക്ഷേ, ഒരു കാര്യം ഓർത്ത് എനിക്ക് പേടിയാകുന്നു. മുന്തിരിങ്ങ തിന്നയാൾ വലിയ കുഴപ്പമാണ് കാണിച്ചിരിക്കുന്നത്. മുന്തിരിങ്ങയിൽ ഒരു കുരുവുണ്ട്. അറിയാതെ ആരെങ്കിലും കുരു വിഴുങ്ങിയിട്ടുണ്ടെങ്കിൽ നാളത്തേക്ക് അവൻ മരിച്ചുപോകും. അതോർത്താണ് എനിക്കു പേടി."

ഇതു കേട്ടപ്പോൾ വാന്യയുടെ മുഖം വിളറി. അവൻ വിളിച്ചുപറഞ്ഞു: "ഞാൻ കുരു തിന്നില്ലച്ഛാ! ഞാൻ അത് ജനലിൽക്കൂടി പുറത്തേക്ക് എറിഞ്ഞുകളഞ്ഞു."
ഇതുകേട്ട് അച്ഛനും അമ്മയും കുട്ടികളും ചേർന്ന് ചിരിച്ചു. എന്നാൽ വാന്യ ചിരിച്ചില്ല; അവൻ കരഞ്ഞു.

*ടോൾസ്റ്റോയ് കഥകൾ*
*വിവർത്തനം: കെ. എൻ. ദാമോദരൻ നായർ*



- വീട്ടിലെല്ലാവരും ചിരിച്ചപ്പോഴും വാന്യ കരയാൻ എന്താവും കാരണം?
- ഈ കഥയിൽ നിങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട കഥാപാത്രം ആരാണ്? എന്തുകൊണ്ട്?
- അച്ഛൻ പ്രയോഗിച്ച സൂത്രം നിങ്ങൾക്ക് ഇഷ്ടമായോ? എന്തുകൊണ്ട്?
- മുന്തിരിങ്ങ എന്ന കഥ റോൾപ്ലേയായി അവതരിപ്പിക്കൂ.
- മുന്തിരി കട്ടുതിന്ന ദിവസം വാന്യ എഴുതാനിടയുള്ള ഡയറി തയ്യാറാക്കൂ. ക്ലാസിൽ അവതരിപ്പിക്കൂ.





മുന്തിരിങ്ങ ഒരു റഷ്യൻകഥയാണ്. ഭക്ഷണവും കുട്ടികളും വിഷയമാകുന്ന രചനകൾ നമ്മുടെ ഭാഷയിലുമുണ്ട്. ഒരു കവിത വായിക്കൂ.

# തോൽക്കില്ല ഞാൻ



മേരിയോടന്നും ചോദിച്ചു ഞങ്ങൾ
"പേരെന്താ കുട്ടീ?" - പേരക്കയത്രെ!
നാണംകെട്ടുമടങ്ങില്ല ഞങ്ങൾ
"നാടെന്താ കുട്ടീ?" - നാരങ്ങയത്രെ!

പട്ടുകൂമ്പാളക്കോണമുടുത്തു,
പ്ലാവിലപ്പൊൻകിരീടവും വച്ചു,
പയ്യെപ്പയ്യെ, യത്തെങ്ങിൻമടലിൻ
പൈക്കിടാവിനെയാട്ടിത്തെളിച്ചു,

'നാരങ്ങ'യെന്ന വിശ്വപ്രസിദ്ധ-
നാട്ടിലെക്കൊച്ചുറാണി വരുമ്പോൾ,
തൻകരത്താൽ മുഖം മറച്ചെന്റെ-
യപ്പച്ചൻപോലും പൊട്ടിച്ചിരിക്കും.

അക്കിനാവിനെക്കാണുമ്പൊഴെല്ലാം
അമ്മ ചെന്നങ്ങു വാരിയെടുക്കും.
ചുറ്റുമെത്തുന്ന ഞങ്ങളുമോരോ
വർത്തമാനങ്ങൾ ചോദിച്ചിരിക്കും.

"മാമുനിന്നെന്തു കൂട്ടി നീ പെണ്ണേ?"
"മീമി ചുട്ടതാണമ്മച്ചി തന്നേ."
"കള്ളി നീയതിലെന്തൊക്കെത്തിന്നു?"
"മുള്ളുമാത്രം ഞാൻ തുപ്പിക്കളഞ്ഞു."

"കണ്ണു രണ്ടും വയറ്റിൽ മുളച്ച്
വന്മരങ്ങളായ് വന്നാലോ പെണ്ണേ?"
"മാന്തളിന്നൊറ്റക്കണ്ണല്ലേയുള്ളൂ?"
മാറിനിന്നവൾ കൊഞ്ഞനം കാട്ടും.

*കെ.സി. ഫ്രാൻസിസ്*
*(പുതിയ മനുഷ്യൻ)*



| | | |
|---|---|---|
| കൂമ്പാള | - | കവുങ്ങിന്റെ പൂങ്കുലയെ പൊതിഞ്ഞുനിൽക്കുന്ന ഇളംമഞ്ഞപ്പോള |
| കോണം | - | കോണകം |
| പയ്യെപ്പയ്യെ | - | പതുക്കെപ്പതുക്കെ |
| മടല് | - | തെങ്ങിന്റെ ഓലയുടെ തണ്ട് |
| പൈക്കിടാവ് | - | പശുക്കുട്ടി |
| വിശ്വപ്രസിദ്ധം | - | ലോകത്താകെ അറിയപ്പെടുന്ന |
| കരം | - | കൈ |
| കിനാവ് | - | സ്വപ്നം |

- നാരങ്ങനാട്ടിലെ കൊച്ചുറാണിയുടെ ചിത്രം കണ്ടില്ലേ? കവിത വായിച്ചപ്പോൾ മനസ്സിൽത്തെളിഞ്ഞ കൊച്ചുറാണിയുടെ ചിത്രം വരയ്ക്കൂ.
- ചിത്രത്തിലെ കൊച്ചുറാണിയുടെയും കവിതയിലെ കൊച്ചുറാണിയുടെയും വേഷവിധാനങ്ങൾ തമ്മിൽ എന്തെല്ലാം വ്യത്യാസമുണ്ട്?
- മുന്തിരിങ്ങ തിന്ന വാന്യയും മാന്തൾ തിന്ന മേരിയും കുടുങ്ങിപ്പോയ സന്ദർഭത്തിൽനിന്നു രക്ഷപ്പെട്ടത് എങ്ങനെ? രക്ഷപ്പെട്ട മാർഗങ്ങൾ തമ്മിൽ വ്യത്യാസമുണ്ടോ? ചർച്ച ചെയ്യൂ.




ചില പലഹാരക്കൊതിയരുടെ
കഥ വായിക്കാം.

# പലഹാരക്കൊതിയന്മാർ

വലിയങ്ങാടിയിലെ വലിയ ചങ്ങാതിമാരാണ് ചോണനും മണിയനും. ഒരു ദിവസം ചോണൻ ധൃതിയിൽ എവിടേക്കോ പോണത് മണിയൻ കണ്ടു. എങ്ങോട്ടാണ് അവനിങ്ങനെ ഓടുന്നത്?
മണിയൻ പിറകേ ചെന്നു.
"പൊന്നാനിച്ചന്തവരെ പോണെന്റെ മണിയാ. വഴിമാറ്, തീരെ നേരല്ല്യ." പറഞ്ഞുതീരുംമുമ്പേ ചോണൻ ഓടാൻ തുടങ്ങി.
"പൊന്നാനിച്ചന്തയിൽ എന്താണിത്ര വിശേഷങ്ങൾ?"
അതറിയാൻ മണിയനു തിടുക്കമായി.
"അപ്പോൾ നീയറിഞ്ഞില്ലേ, അപ്പാണ്യം?"
മണിയനൊന്നും മനസ്സിലായില്ല. അവൻ ആദ്യമായിട്ടാണ് 'അപ്പാണ്യം' എന്ന വാക്കുതന്നെ കേൾക്കുന്നത്.

"അപ്പാണ്യോ, എന്താണത്?"
മണിയന്റെ ചോദ്യം കേട്ട്  ചോണനു ശരിക്കും ദേഷ്യം വന്നു.
കഷ്ടംതന്നെ ഇവന്റെയൊരു കാര്യം!
അപ്പാണ്യം എന്താണെന്ന് അറിയാത്ത ഉറുമ്പുകളുണ്ടോ?
"അപ്പാണ്യംന്ന് പറഞ്ഞാൽ അപ്പവാണിഭം. പൊന്നാനിച്ചന്തയിലാണ് മണിയാ
അപ്പത്തിന്റെ വാണിഭം. പൊടിപൊടിച്ച അപ്പക്കച്ചോടാണ്, മനസ്സിലായോ?"
അപ്പത്തിന്റെ ചന്തയോ? മണിയൻ കണ്ണുമിഴിച്ചു നിന്നുപോയി.
"കോഴിക്കോട്ടെ ഈ വലിയങ്ങാടിയിൽ കിട്ടാത്ത
എന്തപ്പങ്ങളാണ് അപ്പാണ്യത്തിൽ ഉണ്ടാവുക?
നെയ്യലുവ, കറുത്തലുവ, വെളുത്തലുവ, മഞ്ഞലുവ, ചോന്നലുവ
പച്ചലുവ, മഞ്ഞജിലേബി, വെള്ളജിലേബി, ചോന്നജിലേബി,




ചക്കവറുത്തത്
ചേനവറുത്തത്
കായവറുത്തത്
കപ്പവറുത്തത്
ഈത്തപ്പഴംപൊരി
ആറാംനമ്പറ്
മൈസൂർപാക്ക്
കല്ലുമ്മക്കായപൊരിച്ചത്...
ഇവയൊക്കെയല്ലേ
പലഹാരങ്ങൾ?
മസാലദോശ
നെയ്റോസ്റ്റ്, പൊറോട്ട
കൊഴുക്കട്ട, അട, വട
പക്കവട, ഉണ്ട
ബോണ്ട, സുഖിയൻ
ചിക്കൻറോൾ, മുട്ടപ്പഫ്സ്, പഴംപൊരി
നെയ്യപ്പം, ഇടിയപ്പം
കലത്തപ്പം, കാരോലപ്പം, കായപ്പം
ഈന്തപ്പം, ഊത്തപ്പം, അച്ചപ്പം...
ഇവയല്ലേ അപ്പങ്ങൾ!"

"ഈ അപ്പങ്ങൾ തിന്നാൻവേണ്ടി മാത്രം ഇത്രേം
ദൂരം വെറുതേ പോണോ, ചോണാ?"
'ഇക്കാലത്തുമുണ്ടോ
ഇങ്ങനെയുള്ള മണ്ടനുറുമ്പുകൾ?'

മണിയന്റെ സംശയം കണ്ട്
ചോണനു പുച്ഛം തോന്നി.
'ഇവൻ എങ്ങനെ എന്റെ ചങ്ങാതിയായി?'
"നീ മുട്ടസുർക്ക എന്നു കേട്ടിട്ടുണ്ടോടാ,
മണിയാ?"
"മുട്ടസുർക്കയോ, എന്താണത്?"
"മുട്ടമാല തിന്നിട്ടുണ്ടോ?"
"ഇല്ല ചോണാ, എന്താണത്?"
"ഈ കോഴിമുട്ടയുടെ ഉണ്ണിയില്ലേ, മഞ്ഞക്കരു.
അതു മാത്രമെടുത്ത് ഉടച്ചുടച്ച്...
ചെറിയ ചെറിയ ഓട്ടകളുള്ള ചിരട്ടയിലൂടെ
നൂലുപോലെയാക്കി പഞ്ചാരപ്പാവിലൊഴിച്ച്...
അലിയിച്ചലിയിച്ചങ്ങനെയിങ്ങനെ...
ഉണ്ടാക്കുന്നതാണെന്റെ മണിയോ
ഈ മുട്ടമാല!"
"ഹാ, അതിന്റെയൊരു മണം!
അതിന്റെയൊരു രുചി!
അതിന്റെയൊരു ചന്തം!







നാവിലിട്ടാൽ അലിഞ്ഞലിഞ്ഞങ്ങനെ പോകും നമ്മൾ."
നാവിലിട്ടാൽ അലിഞ്ഞലിഞ്ഞു പോകുന്ന
നൂലുപോലുള്ള മുട്ടമാലയെക്കുറിച്ച്
മണിയൻ ഒന്നും കേട്ടിട്ടുണ്ടായിരുന്നില്ല.
"അപ്പോൾ മുട്ടയുടെ വെള്ളക്കരു അവർ എന്തുചെയ്യും,
വെറുതെ കളയുമോ?"
മണിയനു സംശയമായി.
"ഹേയ്, ഇല്ല. അതു പതപ്പിച്ച് മധുരം ചേർത്ത്
കേക്കുരൂപത്തിൽ ഉണ്ടാക്കുന്നതാണ് മണിയാ
മുട്ടസുർക്ക."


"നിൽക്കെട ചോണാ, എന്നാൽ ഞാനും വരാം."
കൊതിമൂത്ത മണിയൻ ചോണന്റെ പിന്നാലെ ഓടി.
പൊന്നാനിച്ചന്തയിലേക്കുള്ള ഓട്ടത്തിനിടയിൽ
മുട്ടമാലയുടെ മണവും രുചിയുമോർത്ത്
മണിയന്റെ വായിൽ വെള്ളംനിറഞ്ഞ്
പുറത്തേക്കൊഴുകി.
കല്ലായിപ്പുഴയും കവിഞ്ഞ്
കുറേ വെള്ളം കടലിലേക്കുമൊഴുകി.

*വിജയൻ കോതമ്പത്ത്*
*(അപ്പാണ്യത്തിന് പോയ പലഹാരക്കൊതിയന്മാർ)*



- അപ്പച്ചന്തയിലെ വിശേഷങ്ങൾ വായിച്ചപ്പോൾ നിങ്ങൾക്കു രസകരമായി തോന്നിയ വാക്കുകൾ ഏതെല്ലാം?
- പലഹാരങ്ങളുടെ പേരുകൾ എഴുതൂ. അവ അക്ഷരമാലാക്രമത്തിൽ പട്ടികയാക്കൂ.
- ഇഷ്ടപ്പെട്ട പലഹാരത്തിന്റെ ചിത്രം വരയ്ക്കൂ. അത് പരിചയപ്പെടുത്തുന്ന കുറിപ്പെഴുതൂ.
- ആഹാരവുമായി ബന്ധപ്പെട്ട ചില പാട്ടുകൾ ടീച്ചർ പാടിത്തരും. അതുപോലുള്ള പാട്ടുകൾ കണ്ടെത്തി പാടൂ. സ്വന്തമായി പലഹാരപ്പാട്ടുകൾ എഴുതിനോക്കൂ.
- നിങ്ങൾക്ക് ഇഷ്ടപ്പെട്ട ഒരു പലഹാരം ഉണ്ടാക്കുന്ന രീതി എഴുതൂ. ആ പലഹാരം തയ്യാറാക്കൂ.
- എല്ലാവരും വീട്ടിൽനിന്നു തയ്യാറാക്കിക്കൊണ്ടുവന്ന പലഹാരങ്ങൾ ക്ലാസിൽ പ്രദർശിപ്പിക്കൂ. പ്രദർശനത്തിന്റെ പ്രചാരണത്തിനായി പോസ്റ്ററും തയ്യാറാക്കണം.
- 'പൊന്നാനിച്ചന്തയിലേക്കുള്ള ഓട്ടത്തിനിടയിൽ മുട്ടമാലയുടെ മണവും രുചിയുമോർത്ത് മണിയന്റെ വായിൽ വെള്ളം നിറഞ്ഞ് പുറത്തേക്കൊഴുകി. കല്ലായിപ്പുഴയും കവിഞ്ഞ് കുറേ വെള്ളം കടലിലേക്കുമൊഴുകി.'

  കൊതിമൂത്ത ഉറുമ്പുകൾക്ക് അപ്പാണ്യത്തിന് എത്തിച്ചേരാൻ കഴിഞ്ഞോ? അവർക്ക് മതിവരുവോളം അപ്പം കിട്ടിയോ?
  കഥ പൂർത്തിയാക്കിപ്പറയൂ.
  എഴുതൂ.



# പഠനച്ചെപ്പ്

## പഠനത്തെളിവുകൾ (പോർട്ട്ഫോളിയോ)

| ഇനം | വിഭവം |
|---|---|
| നോട്ടുപുസ്തകം | • സംഭാഷണം (മുന്തിരിങ്ങ)<br>• കൊച്ചുറാണിയുടെ ചിത്രം<br>• പലഹാരപ്പേരുകൾ - അക്ഷരമാലാക്രമത്തിൽ<br>• പലഹാരക്കുറിപ്പ്, പലഹാരച്ചൊല്ലുകൾ<br>• കടങ്കഥപ്പയറ്റ്<br>• ഒരേവാക്ക് ആവർത്തിച്ചുവരുന്ന പദക്കൂട്ടുകൾ |
| രചനാശേഖരം | • വാന്യയുടെ ഡയറി<br>• കൊച്ചുറാണിയുടെ ചിത്രം<br>• പലഹാരച്ചിത്രവും കുറിപ്പും<br>• പലഹാരപ്പാട്ടുകൾ<br>• പോസ്റ്റർ<br>• അപ്പാണ്യം - കഥ പൂർത്തിയാക്കി എഴുതിയത്<br>• പലഹാരപ്പണി (പാചകക്കുറിപ്പ്) |
| ഓഡിയോ | • ഈണത്തിൽ ചൊല്ലാം (ഞാനല്ല)<br>• പലഹാരപ്പാട്ടുകൾ (പലഹാരക്കൊതിയന്മാർ)<br>• നാടോടിക്കഥ അവതരണം |
| വീഡിയോ | • റോൾപ്ലേ (മുന്തിരിങ്ങ) |

## പ്രത്യേക അവതരണ സന്ദർഭങ്ങൾ

| ഇനം | വിഭവം |
|---|---|
| അസംബ്ലി | • പലഹാരപ്പതിപ്പ് പ്രകാശനം |
| പുറംചുമർ പ്രദർശനം | • കൊച്ചുറാണിയുടെ ചിത്രം |
| ബാലമാസിക | • മികച്ച ഡയറി/മികച്ച അനുഭവവിവരണം (വാന്യ) |
| നവമാധ്യമം | • പലഹാരപ്രദർശനം<br>• റോൾപ്ലേ (മുന്തിരിങ്ങ) |



# മഴത്തുള്ളിപ്പിണക്കം

നല്ല മണ്ണ്, നല്ല വെള്ളം, നല്ല വായു.
നന്നായി ജീവിക്കാൻ ഇവയൊക്കെ വേണം. മണ്ണും വെള്ളവും
വായുവും മലിനമാവാതിരിക്കാൻ നമുക്കെന്തെല്ലാം ചെയ്യാം?



## കാലവർഷത്തിന്റെ എഴുന്നള്ളത്ത്

ഒരു മിഥുനസായാഹ്നം.
കാറിലും കറുപ്പിലും മറഞ്ഞ തെന്മലമരങ്ങൾ ചർച്ചയൊരുക്കി. ചിലർ പറഞ്ഞു: "സൂര്യനില്ല." ചിലർ പറഞ്ഞു: "സൂര്യൻ മരിച്ചു." ചിലർ പറഞ്ഞു: "മഴമേഘങ്ങളുടെ മറവിൽ അദ്ദേഹം ഇരിക്കുന്നു. നമ്മുടെ കണ്ണിൽപ്പെടുന്നില്ല. സൂര്യൻ ഉണ്ട്."
തെന്മലക്കാറ്റു വരുന്നു. മഴ വരുന്നു. വലിയ മുത്തുമഴ. കാറ്റ്, മഴ, ഇടി. പാടവും റോഡും കലങ്ങിയ വെള്ളം കൈയടക്കി.
മഴത്തുള്ളി പറഞ്ഞു:
"വൃത്തികെട്ട മനുഷ്യർ വൃത്തികേടാക്കി മുക്കിലിട്ട ഭൂമി. ആ ഓട്ടുപാത്രം നമുക്ക് തേച്ചുവെളുപ്പിക്കാം."
മഴവെള്ളത്തിൽ തല ഒലുമ്പുന്ന വള്ളികൾ. തോർത്തു മാത്രമുടുത്ത മരങ്ങൾ.
മലവെള്ളത്തിൽ ഒലിച്ചുവരുന്ന പെരുമ്പാമ്പായ കറുത്ത പാത.

*പി. കുഞ്ഞിരാമൻ നായർ*
*(കവിയുടെ കാല്പാടുകൾ)*



തെന്മലമരങ്ങൾ - തെന്മലയിലെ മരങ്ങൾ

- സായാഹ്നം എന്ന വാക്കിന്റെ അർഥം നിഘണ്ടു നോക്കി കണ്ടെത്തൂ.
- മഴത്തുള്ളിയുടെ പിണക്കം സൂചിപ്പിക്കുന്ന വാക്യം കണ്ടെത്തൂ. എന്തിനാണ് മഴത്തുള്ളി പിണങ്ങിയത്?
- മഴത്തുള്ളി എങ്ങനെയാണ് ഭൂമിയെ വൃത്തിയാക്കുന്നത്?
- മഴത്തുള്ളിയുടെ വിഷമം മാറ്റാൻ നമുക്ക് എന്തെല്ലാം ചെയ്യാൻ കഴിയും?
- 'തെന്മലമരങ്ങൾ ചർച്ചയൊരുക്കി' - കാറ്റത്ത് ഉലയുന്ന മരങ്ങളിൽ നിന്നുയരുന്ന ശബ്ദങ്ങളാണല്ലോ മരങ്ങളുടെ ചർച്ചയായി പറയുന്നത്. ഇതുപോലെ മറ്റെന്തെല്ലാം കാഴ്ചകളാണ് ഇതിൽ പറയുന്നത്? കണ്ടെത്തി എഴുതൂ.

മഴത്തുള്ളിയെപ്പോലെ ഭൂമിയെ വൃത്തിയാക്കുന്നവർ വേറെയുമുണ്ട്. ചിത്രം വായിക്കൂ.



*ചിത്രം - ഇന്നിന്റെ കാഴ്ചകൾ - ശ്രീജ പള്ളം*

- ചിത്രം വായിച്ചുകണ്ടെത്തിയ കാര്യങ്ങൾ പങ്കുവയ്ക്കൂ.
- ഹരിതകർമ്മസേനാംഗങ്ങൾ എവിടെനിന്നാവും ഇതെല്ലാം ശേഖരിച്ചത്?



अन्तर्देशीय पत्र कार्ड
INLAND LETTER CARD

# മൈനയ്ക്കൊരു കത്ത്

കാക്കത്തോട്,
1-6-2024.

പ്രിയപ്പെട്ട മൈനയ്ക്ക്,

നിനക്കെന്നെ അറിയില്ലേ?
ഇന്നലെ ട്രെയിനിൽവച്ച് നമ്മൾ പരിചയപ്പെട്ടതാണല്ലോ. അച്ഛൻ നിനക്ക് വാങ്ങിത്തന്ന ബിസ്കറ്റിന്റെ കവറാണ് ഞാൻ. ബിസ്കറ്റ് തിന്നുകഴിഞ്ഞ് നീ എന്നെ പുറത്തേക്കെറിഞ്ഞില്ലേ? കാറ്റിൽ പാറിനടക്കുമ്പോൾ എനിക്ക് ആദ്യം സന്തോഷമാണു തോന്നിയത്. പക്ഷേ, ഞാൻ ചെന്നുവീണത് റെയിൽപ്പാളത്തിന് അരികിലുള്ള ഒരു തോട്ടിലാണ്. വെള്ളത്തിൽ ഞാൻ കുറേദൂരം രസിച്ചുനീന്തി. അതിനിടയ്ക്ക് തോട്ടിലേക്കു

ചാഞ്ഞുനിൽക്കുന്ന ഒരു മുളങ്കമ്പ് എന്നെ തടഞ്ഞു നിർത്തി. ഒറ്റപ്പെട്ടുപോയ എന്നെ മുളങ്കമ്പ് തൊട്ടുതലോടി. അപ്പോഴെനിക്ക് വലിയ ആശ്വാസം തോന്നി.

നീ എനിക്കകത്തു ബാക്കിവെച്ച ബിസ്കറ്റുതുണ്ടുകൾ ഞാൻ കുഞ്ഞിപ്പരലിനു കൊടുത്തു. അതു തിന്നുകഴിഞ്ഞപ്പോഴേക്കും ഒഴുക്കിൽപ്പെട്ട് ചുളുങ്ങിപ്പോയ എന്റെ വയറ്റിൽ അവൾ കുടുങ്ങിപ്പോയിരുന്നു. മുളങ്കമ്പിൽ കുടുങ്ങിയ ഞാൻ അവളെ എങ്ങനെ രക്ഷിക്കാനാണ്!

ഇനി ഒന്നും പറഞ്ഞിട്ട് കാര്യമില്ല. ഇനിയെങ്കിലും എന്നെപ്പോലെയുള്ളവരെ നീ വഴിയിലേക്ക് വലിച്ചെറിയരുതേ... ഞങ്ങളെ കഴുകി സൂക്ഷിച്ചുവെച്ച് ഹരിതകർമ്മ സേനാംഗങ്ങൾ വരുമ്പോൾ അവർക്കു നൽകൂ. അവർ ഞങ്ങളെ ഉപകാരമുള്ള മറ്റെന്തെങ്കിലുമാക്കി മാറ്റും. നീ എന്നെ വലിച്ചെറിഞ്ഞതുകൊണ്ട് ഞാൻ മാത്രമല്ല, പരൽമീനും അച്ഛനമ്മമാരിൽനിന്ന് ഒറ്റപ്പെട്ടതിനാൽ സങ്കടത്തിലായി. ഇനിയെങ്കിലും ഞങ്ങളെപ്പോലെയുള്ളവരെ പുറത്തേക്ക് എറിയാതിരിക്കണേ... നിങ്ങളുടെ മണ്ണും വെള്ളവും ചുറ്റുമുള്ള ജീവികളും നശിച്ചു പോകാതിരിക്കട്ടെ.

നിനക്ക് നന്മകൾ നേരുന്നു.

സ്നേഹത്തോടെ,
ബിസ്കറ്റ് കവർ

- ബിസ്കറ്റുകവറിനും പരൽമീനിനും മാത്രമാണോ ഇത്തരത്തിൽ ദുരിതമനുഭവിക്കേണ്ടി വരിക? മറ്റൊരു ജീവിയോ വസ്തുവോ എഴുതാനിടയുള്ള കത്ത് തയ്യാറാക്കൂ.
- പ്ലാസ്റ്റിക്കിനു പുറമെ ഹരിതകർമ്മസേനാംഗങ്ങൾ എന്തെല്ലാം ശേഖരിക്കും?
- ഹരിതകർമ്മസേനാംഗങ്ങളെ സ്കൂളിലേക്കു ക്ഷണിക്കൂ. അവരോട് എന്തൊക്കെ ചോദിച്ചറിയാം?

എന്റെ
വിദ്യാലയം
വൃത്തിയുള്ള
വിദ്യാലയം

സ്കൂൾദിനപ്പത്രം
മണിച്ചെപ്പ്
ജി. എൽ. പി. എസ്. അരിമംഗലം

വെറുതെ
വെറുതെ
കളയരുതേ
ഒരൊറ്റ വറ്റും
കളയരുതേ

# ഓരോ വറ്റും പദ്ധതി ആരംഭിച്ചു



അരിമംഗലം: പാഴാക്കി ക്കളയുന്ന ഓരോ വറ്റും കുട്ടികളെ വിശപ്പിലേക്കു തള്ളിവിടുന്നുണ്ടെന്ന് അരിമംഗലം ഗവ.എൽ. പി. സ്കൂൾ ലീഡർ സി. അലീന അഭിപ്രായപ്പെട്ടു. ഭക്ഷണം പാഴാക്കിക്കളയു ന്നത് അവസാനിപ്പിക്കാ നായി സ്കൂളിൽ ആരംഭിച്ച 'ഓരോ വറ്റും' പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അലീന. ഒരു വറ്റുപോലും പാഴാക്കാതെ ഭക്ഷണം കഴിക്കുന്ന ശീലം എല്ലാ കുട്ടികളിലും വളർത്തുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

*രാജ്യത്ത് ലക്ഷക്കണക്കിനു കുട്ടികൾ വേണ്ടത്ര ആഹാരം ലഭിക്കാതെ വലയുന്നുണ്ട്. ഈ സാഹ ചര്യത്തിലാണ് സ്കൂളിൽ 'ഓരോ വറ്റും' പദ്ധതി ആരംഭിക്കുന്നത്.*

സ്കൂളിൽ പ്രതിദിനം അഞ്ചു കിലോയിലധികം ചോറും കറികളും പാഴാക്കിക്കളയു ന്നുണ്ടെന്ന് പഠനപ്രവർത്ത നത്തിന്റെ ഭാഗമായി കുട്ടി കൾ കണ്ടെത്തിയിരുന്നു. അതേ സമയം രാജ്യത്ത് ലക്ഷക്കണക്കിനു കുട്ടികൾ വേണ്ടത്ര ആഹാരം ലഭി ക്കാതെ വലയുന്നുമുണ്ട്. ഈ സാഹചര്യത്തിലാ ണ് സ്കൂളിൽ 'ഓരോ വറ്റും' പദ്ധതി ആരംഭിക്കുന്നത്. ഭക്ഷണം പാഴാക്കുന്നതു തടയുന്നതോടൊപ്പം സ്കൂളിലെ മാലിന്യപ്രശ്നം പരിഹരിക്കാനും ഈ പദ്ധതി വഴി സാധിക്കുമെ ന്ന് പി.ടി.എ. പ്രസിഡണ്ട് പി. സനോജ് പറഞ്ഞു. ഒരു മാസത്തിനകം, ഭക്ഷണം പാഴാക്കാത്ത സ്കൂൾ എന്ന നേട്ടം കൈവരിക്കാനാവു മെന്ന് ഹെഡ്മിസ്ട്രസ് ജി. ഷീല അഭിപ്രായപ്പെട്ടു. ഉദ്ഘാടനയോഗത്തിൽ സി. റീന സ്വാഗതവും കെ. വി. അരുൺ നന്ദിയും പറഞ്ഞു.

- ഈ വാർത്ത വായിച്ചപ്പോൾ നിങ്ങളുടെ മനസ്സിലേക്കുവന്ന ചിത്രങ്ങൾ, സംഭവങ്ങൾ, വാർത്തകൾ എന്നിവ എന്തെല്ലാം?
- ഈ സ്കൂളിന്റെ മാതൃകയിൽ നിങ്ങളുടെ സ്കൂളിൽ എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാൻ കഴിയുക? ചർച്ചചെയ്യൂ.
- 'ഓരോ വറ്റും' പദ്ധതിപോലെ മറ്റൊരു സ്കൂളിൽ ശുചിത്വസന്ദേശ പോസ്റ്ററുകൾ തയ്യാറാക്കി ഒട്ടിക്കുന്ന പ്രവർത്തനമാണ് നടന്നത്. അവർ തയ്യാറാക്കിയ പോസ്റ്ററുകൾ നോക്കൂ. പോസ്റ്ററുകൾ തയ്യാറാക്കി വീട്ടിലും പൊതുസ്ഥലങ്ങളിലും പ്രദർശിപ്പിക്കൂ.









# പഠനച്ചെപ്പ്

## പഠനത്തെളിവുകൾ (പോർട്ട്ഫോളിയോ)

| ഇനം | വിഭവം |
|---|---|
|  നോട്ടുപുസ്തകം | • മഴത്തുള്ളിയുടെ വിഷമം - കുറിപ്പ്<br>• മലിനീകരണത്തിന്റെ ദുരിതം സഹിക്കുന്ന ജീവികളോ വസ്തുക്കളോ എഴുതുന്ന കത്ത്<br>• ഹരിതകർമ്മസേനാംഗങ്ങൾക്കുള്ള ക്ഷണക്കത്ത്<br>• അഭിമുഖ ചോദ്യാവലി<br>• ഹരിതകർമ്മസേന ഇല്ലായിരുന്നെങ്കിൽ- കുറിപ്പ്<br>• വിമലവിദ്യാലയം നിയമാവലി<br>• ശുചിത്വസന്ദേശമടങ്ങിയ പോസ്റ്ററുകൾ |
|  രചനാശേഖരം | • മലിനീകരണത്തിന്റെ ദുരിതം സഹിക്കുന്ന ജീവികളോ വസ്തുക്കളോ എഴുതുന്ന കത്ത്<br>• വിമലവിദ്യാലയം - നിയമാവലി |

## പ്രത്യേക അവതരണ സന്ദർഭങ്ങൾ

| ഇനം | വിഭവം |
|---|---|
|  അസംബ്ലി | • വിമലവിദ്യാലയം നിയമാവലി പ്രകാശനം |
|  ബാലമാസിക | • മെച്ചപ്പെട്ട കത്ത് (മലിനീകരണത്തിന്റെ ദുരിതം സഹിക്കുന്ന ജീവികളോ വസ്തുക്കളോ എഴുതുന്നത്) |
|  പുറംചുമർ പ്രദർശനം | • ശുചിത്വസന്ദേശ പോസ്റ്റർ |





# 3

# മനുഷ്യന്റെ കൈകൾ





"അലസതയറ്റിപ്പാടങ്ങളിൽ വ-
ന്നലതല്ലുകയാണധ്വാനം"

*തിരുനല്ലൂർ കരുണാകരൻ*


# കുഞ്ഞനുറുമ്പും കുട്ട്യോളും

കുഞ്ഞനുറുമ്പിന്റെ കൂടുതകർത്തപ്പോൾ
കുന്നോളം കുറിയരിക്കൂമ്പാരം.
കൂടുതകർന്നൊരു കുഞ്ഞനുറുമ്പും
കുട്ട്യോളും കെട്ട്യോളും പൊടിപൂരം.

കൂടുതകർത്തവരാരെല്ലാം - കൂടെ
കുറിയരി ചിന്നിയോരാരെല്ലാം?
കുഞ്ഞനുറുമ്പും കുട്ട്യോളും കെട്ട്യോളും
എണ്ണിപ്പറഞ്ഞു കടിക്കുന്നു.

കുഞ്ഞനുറുമ്പിന്റെ കൂടു തകർത്തൊരു
കൂട്ടുകാരിന്നൊന്നറിയേണം.
കൂടൊന്നു തീർക്കാൻ കുന്നോളം തൊരം
വീടാക്കിമാറ്റാൻ മലയോളം.


*എം. വി. മോഹനൻ*
*(തപ്പുകുടുക്കേലെന്തുണ്ട്)*



ചിന്നുക - ചിതറുക
തൊരം - പണി, ജോലി, അധ്വാനം

- കൂട്ടുകാരും ടീച്ചറുമൊത്ത് ഈ വരികൾ താളമിട്ടു ചൊല്ലിനോക്കൂ.
- വരികൾക്കു ചേരുന്നൊരു വായ്ത്താരി കണ്ടെത്താമോ?
- 'കുന്നോളം കുറിയരിക്കൂമ്പാരം' എന്നതിനു പകരം കുന്നോളം ചെറിയരിക്കൂമ്പാരം എന്നായാലും അർഥം മാറില്ല; താളത്തിൽ ചൊല്ലാനും പറ്റും. ഇവിടെ കുറിയരി എന്നുതന്നെ വരുന്നതുകൊണ്ട് എന്തെങ്കിലും ഗുണമുണ്ടോ? ചർച്ചചെയ്യൂ.
- അക്ഷരങ്ങൾ ആവർത്തിച്ച് ഭംഗിവരുത്തിയ വരികൾ ഈ കവിതയിൽ വേറെയുണ്ടോ? കണ്ടെത്തൂ.
- അക്ഷരാവർത്തനം വരുന്ന വരികൾ ടീച്ചറുടെ സഹായത്തോടെ നിർമ്മിച്ച് കൂട്ടുകാരുമൊത്ത് ചൊല്ലൂ.


## വീടും കൂടും



- ഏതെല്ലാം ജീവികൾ കൂടുണ്ടാക്കുന്നതു നിങ്ങൾ കണ്ടിട്ടുണ്ട്? കുരുവി, കാക്ക...
- വേട്ടാളൻ മണ്ണുകൊണ്ടു കൂടുണ്ടാക്കുന്നതു കണ്ടിട്ടുണ്ടോ? തേനീച്ച കൂടുണ്ടാക്കുന്നത് എന്തുപയോഗിച്ചാണ്?
- "കൂടൊന്നു തീർക്കാൻ കുന്നോളം തൊരം
വീടാക്കിമാറ്റാൻ മലയോളം." - വീടുണ്ടാക്കാൻ വലിയ അധ്വാനം വേണം. നമ്മുടെയൊക്കെ വീടുണ്ടാക്കാൻ എന്തെല്ലാം തൊഴിലുകൾ ചെയ്യുന്നവരുടെ സഹായം വേണം? ചർച്ചചെയ്യൂ.

# തൊഴിലും ഭാഷയും

മനുഷ്യർ എന്തെന്തെല്ലാം തൊഴിലുകളിലാണ് ഏർപ്പെടുന്നത്!
ചിത്രം നോക്കൂ.



*ചിത്രം: എന്റെ കേരളം - അനുജാത് സിന്ധു വിനയ്‌ലാൽ*

- എന്തെല്ലാമാണ് ഈ ചിത്രത്തിനു ചന്തം നൽകുന്നത്?
- ഒരുപാടു കാര്യങ്ങൾ ചിത്രരൂപത്തിൽ അവതരിപ്പിച്ചതിന്റെ ഭംഗി ഇഷ്ടമായോ? ഇക്കാര്യങ്ങൾ എല്ലാവരും ചേർന്ന് പറഞ്ഞവതരിപ്പിക്കൂ.
- ചിത്രത്തിലെ ആളുകൾ എന്തൊക്കെ ജോലികളാണു ചെയ്യുന്നത്? കണ്ടെത്തിപ്പറയൂ.
- ഇതിൽ കൂട്ടായിച്ചെയ്യുന്ന ജോലികൾ എന്തൊക്കെയാണ്?
- ഒറ്റയ്ക്കൊറ്റയ്ക്കുചെയ്യുന്ന ജോലികൾ ഏതെല്ലാം?
- തൊഴിൽ ചെയ്യുന്ന ഏതെങ്കിലും ഒരു സ്ഥലം ചിത്രീകരിച്ച് കൂട്ടുകാരുമായി പങ്കുവയ്ക്കൂ. പരസ്പരം ചർച്ചചെയ്തു മെച്ചപ്പെടുത്തൂ.

തൊഴിലുമായി ബന്ധപ്പെട്ട് എത്രയെത്ര വാക്കുകളും വാക്യങ്ങളും പ്രയോഗങ്ങളുമാണ്! ഇതൊന്നു വായിക്കൂ.

## വാക്കുകൾ വിളയുന്നു

തൊഴിലുമായി ബന്ധപ്പെട്ട് ഒട്ടേറെ വാക്കുകൾ എല്ലാ ഭാഷയിലുമുണ്ട്. നമ്മുടെ ഭാഷയിലും ഇത്തരം പദങ്ങൾ കാണാം.
നെൽക്കൃഷി എന്ന തൊഴിൽ ഉദാഹരണമായി എടുത്താൽ എന്തൊക്കെ വാക്കുകളാണു നമുക്കു കണ്ടെത്താനാവുക? കന്നുപൂട്ടുക, കട്ടയുടയ്ക്കുക വിത്തെറിയുക, ഞാറുപറിക്കുക, ഞാറുനടുക, കളപറിക്കുക, വളം ചേർക്കുക, കൊയ്യുക, മെതിക്കുക... എന്നിങ്ങനെ ഒട്ടേറെ പണികളുടെ പേരുണ്ട്.



പണിയുപകരണങ്ങളുടെ പേരെടുത്താലോ?
കലപ്പ, നുകം, മരം, കൈക്കോട്ട്, അരിവാൾ, ട്രാക്ടർ, ടില്ലർ, കൊയ്ത്തുമെതിയന്ത്രം എന്നിങ്ങനെ ഒരുപാടുകാണാം.


പാടം, തോട്, കതിര്, പതിര്, വിളവ്, നിറവ്, നനവ്, ഉറവ് എന്നിങ്ങനെ കൃഷിയെക്കുറിച്ചു പറയുമ്പോൾ നാം ഉപയോഗിക്കുന്ന മറ്റു വാക്കുകൾ എത്രയാണ്!

ഇനി, ചൊല്ലുകളുടെ കാര്യമെടുത്താലോ. കൃഷിച്ചൊല്ലുകൾ അനവധിയുണ്ട്. 'മുളയിലറിയാം വിള,' 'അടുത്തുനട്ടാലഴക്; അകലെ നട്ടാൽ വിളവ്,' 'വിത്താഴം ചെന്നാൽ പത്തായം നിറയും,' 'ഞാറില്ലെങ്കിൽ ചോറില്ല' എന്നിങ്ങനെ.
നോക്കൂ, ഭാഷയുടെ വളർച്ചയെ തൊഴിലുകൾ എന്തുമാത്രം സഹായിക്കുന്നു!



കൃഷിപോലെ മറ്റെന്തെല്ലാം തൊഴിലുകളിൽനിന്നാണു പുതിയ വാക്കുകളും പ്രയോഗങ്ങളും ഉണ്ടാവുന്നത്?

വീട്ടിലെ പ്രധാന തൊഴിലിടമാണ് അടുക്കള. ചിത്രം നോക്കൂ.



- എന്തെല്ലാം പണികളാണ് അടുക്കളയിൽ നടക്കുന്നത്? വീട്ടിലെ കാര്യങ്ങൾകൂടി ഓർമ്മിച്ചു പറയൂ.
- അടുക്കളയിൽ എന്തെല്ലാം ഉപകരണങ്ങൾ ഉപയോഗിക്കുന്നുണ്ട്?
- അടുക്കളപ്പണിയുമായി ബന്ധപ്പെട്ട് എന്തൊക്കെ വാക്കുകളും പ്രയോഗങ്ങളും നിങ്ങൾക്കു കണ്ടെത്താനാവും? പറയൂ.
- കണ്ടെത്തിയവ ഉൾപ്പെടുത്തി കുറിപ്പു തയ്യാറാക്കൂ.


തൊഴിലുമായി ഭാഷയ്ക്കു വേറെയും ബന്ധമുണ്ട്.
ഈ കവിത ചൊല്ലിനോക്കൂ.

# തടിപിടി

ഏലേമാലി ഐസ
ഇലയിട്ട തടിയേ ഐസ
പൂവിട്ട കുരുവീ ഐസ
കായിട്ട മരമേ ഐസ
ഇലയിട്ടു പൂവിട്ടു കായിട്ടു നിന്ന
കാട്ടിലെത്തടിയേ ഐസ

ഒത്തു പിടിച്ചാൽ ഐസ
മലയും പോരും ഐസ
ഒറ്റയ്ക്കായാൽ ഐസ
എലിയും പോരാ ഐസ
ഒത്തുപിടിച്ചാൽ മഹാബലം
ഒറ്റയ്ക്കായാൽ പരാജയം.

*കാവാലം നാരായണപ്പണിക്കർ*
*(കാക്കത്തൊള്ളായിരം)*



- പണിയെടുക്കുമ്പോൾ കൂട്ടമായി പാടുന്ന പാട്ടാണിത്. എന്താണ് ഇവർ ചെയ്യുന്ന പണി?
- എന്തിനായിരിക്കും പണിയെടുക്കുമ്പോൾ പാട്ടുപാടുന്നത്?
- ഈ കവിത സംഘമായി അഭിനയിച്ചുചൊല്ലൂ.
- പണിയെടുക്കുമ്പോൾ പാടുന്ന മറ്റേതെങ്കിലും പാട്ടുകൾ അറിയാമോ? അത്തരം പാട്ടുകൾ കൂട്ടമായി പാടൂ.
- ഈ കവിതയിലെ സന്ദേശം അടങ്ങുന്ന വരികൾ കണ്ടെത്താമോ? ഇതേ സന്ദേശമടങ്ങിയ മറ്റു ചൊല്ലുകൾ കണ്ടെത്തൂ.




ആരോഗ്യം വർധിപ്പിക്കാനും പഠനം മെച്ചപ്പെടുത്താനും മെയ്യനങ്ങി കളിക്കേണ്ടത് അത്യാവശ്യമാണ്.



കുട്ടിക്കാലത്തെ ഒരു കളിയനുഭവം കവി കുരീപ്പുഴ ശ്രീകുമാർ എഴുതിയത് വായിക്കൂ.

## കുതിരകെട്ടിക്കളി

ഒഴിവുകാലത്ത് ചെറിയ കുതിരകളെ കെട്ടുകയാണ് ഞങ്ങളുടെ പ്രധാന പണി. തെങ്ങിലെ വെള്ളയ്ക്കയും ഈർക്കിലും ഉപയോഗിച്ചു വളരെ ചെറിയ കുതിരകളും, മരവും വർണ്ണക്കടലാസും ഉപയോഗിച്ച് അല്പംകൂടി വലിയ കുതിരകളും ഞങ്ങൾ കെട്ടിയിരുന്നു.

നാലു ചെറിയ മരക്കാലുകളിൽ രണ്ടു മരങ്ങൾവച്ചു ചട്ടമുണ്ടാക്കും. അതിന്മേൽ നാലു നീണ്ട കതിരുകാലുകൾ ഉറപ്പിക്കും. പിന്നെ, വർണ്ണക്കടലാസുപയോഗിച്ച് രണ്ട് ഇടക്കൂടാരങ്ങളും ചുവന്ന കടലാസൊട്ടിച്ചു മേൽക്കൂടാരവും ഉണ്ടാക്കും. പൊടിപ്പും തൊങ്ങലും ഒട്ടിച്ചുവയ്ക്കും. കുതിരത്തലയും കുതിരവാലും ഉണ്ടാക്കും. കയർ ഉപയോഗിച്ചു നാല് ആലാത്തും കെട്ടും. കുതിരയുടെ നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞാൽ എല്ലാവരും കൂടി കുതിരയെ തോളിലേറ്റി 'ചര്വോ പര്വോ ചര്വോ പര്വോ' എന്ന വായ്ത്താരിയോടെ വഴിയിലെല്ലാം കൊണ്ടുനടക്കും. ഇതായിരുന്നു ഞങ്ങളുടെ മധ്യവേനലവധിക്കാലത്തെ ഉത്സവം.



- ഒഴിവുദിവസങ്ങളിൽ നിങ്ങൾ ഏർപ്പെടുന്ന കൂട്ടായ കളികൾ എന്തെല്ലാമാണ്? ചർച്ചചെയ്യൂ.
- നിങ്ങളുടെ ഒരു കളിയനുഭവം വിവരിച്ചെഴുതൂ.
- കുതിര എന്നും തല എന്നും രണ്ടു വാക്കുകൾ ചേർന്ന് കുതിരത്തല എന്ന ഒരൊറ്റ വാക്കായി. ഇത്തരത്തിൽ രണ്ടു വാക്കുകൾ ചേർന്ന് രൂപപ്പെട്ട മറ്റേതെല്ലാം പദങ്ങൾ നിങ്ങൾക്കു കണ്ടെത്താനാവും?

# പഠനച്ചെപ്പ്

## പഠനത്തെളിവുകൾ (പോർട്ട്ഫോളിയോ)

| ഇനം | വിഭവം |
| --- | --- |
| നോട്ടുപുസ്തകം | • അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചുവരുന്ന വരികൾ പകർത്തി എഴുതിയത്, കണ്ടെത്തിയ/ നിർമ്മിച്ച വായ്ത്താരികൾ (കുഞ്ഞനുറുമ്പും...)<br>• തൊഴിൽവാക്കുകൾ - അക്ഷരമാലാക്രമത്തിൽ (വാക്കുകൾ വിളയുന്നു)<br>• കളിയനുഭവവിവരണം (കുതിരകെട്ടിക്കളി)<br>• അടുക്കള വാക്കുകൾ - വിവരണം |
| രചനാശേഖരം | • വരികൾ കൂട്ടിച്ചേർത്ത കവിത (കൃഷിപ്പാട്ട്)<br>• അടുക്കള വാക്കുകൾ - വിവരണം<br>• കളിയനുഭവവിവരണം |
| ഓഡിയോ | • കവിത, നാടൻപാട്ട് താളമിട്ടുചൊല്ലിയത്<br>• വായ്ത്താരികൾ താളമിട്ടുചൊല്ലിയത് |
| വീഡിയോ | • നാടൻപാട്ട്, കവിത - ദൃശ്യാവിഷ്കാരം<br>• 'മിണ്ടാപ്പണി' (ആംഗ്യങ്ങളിലൂടെ മാത്രം നിർദേശങ്ങൾ നൽകലും ജോലി നിർവഹിക്കലും) |

## പ്രത്യേക അവതരണ സന്ദർഭങ്ങൾ

| ഇനം | വിഭവം |
| --- | --- |
| ബാലസഭ | • നാടൻപാട്ട്, കവിത - സംഘമായി വായ്ത്താരിയും താളവും ചേർത്തുചൊല്ലൽ<br>• പണിപ്പാട്ടുകൾ അഭിനയാവതരണം |
| അസംബ്ലി | • കളിയനുഭവവിവരണം - പതിപ്പുപ്രകാശനം |
| ബാലമാസിക | • മികച്ച കളിയനുഭവവിവരണം |
| നവമാധ്യമം | • പണിപ്പാട്ട് അവതരണം<br>• നാടൻപാട്ട്, കവിത - അവതരണം |

# ഭാരതത്തിന്റെ ഭരണഘടന

ഭാഗം IV ക

## മൗലിക കർത്തവ്യങ്ങൾ

**51 ക. മൗലിക കർത്തവ്യങ്ങൾ - താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ് :**

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയപതാകയെയും ദേശീയഗാനത്തെയും ആദരിക്കുകയും ചെയ്യുക;

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയസമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക;

(ഗ) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക;

(ഘ) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയസേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക;

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദവും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക, സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക;

(ച) നമ്മുടെ സമ്മിശ്രസംസ്കാരത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിറുത്തുകയും ചെയ്യുക;

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും, ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക;

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും, അന്വേഷണത്തിനും പരിഷ്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക;

(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ഞ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽകൃഷ്ടതയ്ക്കുവേണ്ടി അധ്വാനിക്കുക;

(ട) ആറിനും പതിനാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടിക്കോ തന്റെ സംരക്ഷണയിലുള്ള കുട്ടികൾക്കോ, അതതു സംഗതി പോലെ, മാതാപിതാക്കളോ രക്ഷാകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക.